# LAITY VOICE

2016 AUGUST Volume: 7 No: 2


# സീറോ മലബാർ സഭയ്ക്കു ബ്രിട്ടനിൽ രൂപതയും യൂറോപ്പിൽ അപ്പസ്തോലിക് വിസിറ്റേറ്ററും



**മാർ സ്റ്റീഫൻ ചിറപ്പണത്തും മാർ ജോസഫ് സ്രാമ്പിക്കലും കർദിനാൾ മാർ ജോർജ് ആലഞ്ചേരിയോടൊപ്പം.**

കൊച്ചി: ബ്രിട്ടനിലെ സീറോ മലബാർ സഭാ വിശ്വാസികൾക്കായി പ്രസ്റ്റൺ ആസ്ഥാനമായി പുതിയ രൂപത. പ്രഥമ മെത്രാനായി പാലാ രൂപതാംഗമായ മാർ ജോസഫ് സ്രാമ്പിക്കലിനെ നിയമിച്ചു. യൂറോപ്യൻ രാജ്യങ്ങളിലെ സീറോ മലബാർ സഭാ വിശ്വാസികളുടെ അപ്പസ്തോലിക് വിസിറ്റേറ്ററായി ഇരിങ്ങാലക്കുട രൂപതാംഗമായ മാർ സ്റ്റീഫൻ ചിറപ്പണത്തിനെയും ഫ്രാൻസിസ് മാർപാപ്പ നിയമിച്ചു. മെത്രാൻ പദവിയോടെയാണ് ഇദ്ദേഹത്തിന്റെ നിയമനം. കാക്കനാട് മൗണ്ട് സെന്റ് തോമസിലെ സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയയിൽ സഭയുടെ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരിയാണു പുതിയ രൂപതയുടെയും മെത്രാന്മാരുടെയും ഔദ്യോഗിക പ്രഖ്യാപനം നടത്തിയത്. റോമൻ സമയം ഉച്ചയ്ക്കു പന്ത്രണ്ടിനു വത്തിക്കാനിലും ഇംഗ്ലണ്ടിലെ പ്രസ്റ്റൺ സെന്റ് അൽഫോൻസാ കത്തീഡ്രൽ ദേവാലയത്തിലും ഇതു പ്രസിദ്ധപ്പെടുത്തി. പ്രസ്റ്റൺ സെന്റ് അൽഫോൻസാ കത്തീഡ്രലിൽ ലങ്കാസ്റ്റർ രൂപത മെത്രാൻ ഡോ. മൈക്കിൾ കാംബെലാണു പ്രഖ്യാപനം നടത്തിയത്.

മൗണ്ട് സെന്റ് തോമസിൽ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി, പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്, ഇരിങ്ങാലക്കുട ബിഷപ് മാർ പോളി കണ്ണൂക്കാടൻ എന്നിവർ ചേർന്നു നിയുക്ത മെത്രാന്മാരെ സ്ഥാനചിഹ്നങ്ങൾ അണിയിച്ചു. കൂരിയ ചാൻസലർ റവ.ഡോ.ആന്റണി കൊള്ളന്നൂർ, വൈസ്ചാൻസലർ ഫാ. പോൾ റോബിൻ തെക്കൻ എന്നിവർ നിയമനപത്രിക വായിച്ചു. മേജർ ആർച്ച് ബിഷപ് നിയുക്ത മെത്രാന്മാരുടെ നിയമനപത്രം കൈമാറി. ബിഷപ് മാർ ജോസ് പുത്തൻവീട്ടിൽ, കൂരിയ വൈസ് ചാൻസലർ റവ.ഡോ. സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ എന്നിവർ പ്രസംഗിച്ചു. ഒക്ടോബർ ഒമ്പതിനു ബ്രിട്ടനിലെ പ്രസ്റ്റൺ കത്തീഡ്രലിൽ മാർ ജോസഫ് സാമ്പ്രിക്കലിന്റെ മെത്രാഭിഷേകം നടക്കും. മാർ സ്റ്റീഫൻ ചിറപ്പണത്തിന്റെ മെത്രാഭിഷേക തീയതി പിന്നീട് തീരുമാനിക്കും.

സ്രാമ്പിക്കൽ പരേതനായ മാത്യുവിന്റെയും ഏലിക്കുട്ടിയുടെയും ആറു മക്കളിൽ നാലാമനായി 1967 ഓഗസ്റ്റ് 11ന് ജനിച്ച മാർ ജോസഫ് സ്രാമ്പിക്കൽ പാലാ ഉരുളികുന്നം ഇടവകാംഗമാണ്. ഉർബൻ യൂണിവേഴ്സിറ്റിയിൽ നിന്ന് ദൈവശാസ്ത്രത്തിൽ ബിരുദവും ബൈബിൾ വിജ്ഞാനീയത്തിൽ ലൈസ

(ശേഷം അഞ്ചാം പേജിൽ)

## എഡിറ്റോറിയൽ

**സീറോ മലബാർ സഭയുടെ പ്രവാസിമക്കളെ സഭയുടെ മുഖ്യധാരയിൽ ശക്തിപ്പെടുത്തുവാൻ സഭാപിതാവും മേജർ ആർച്ച്ബിഷപ്പുമായ കർദ്ദിനാൾ ജോർജ് ആലഞ്ചേരി പിതാവ് നടത്തുന്ന എല്ലാ പരിശ്രമങ്ങളേയും ഏറെ നന്ദിയോടെയും അഭിമാനത്തോടെയും പ്രിയമക്കൾ നോക്കിക്കാണുന്നു. സഭാപിതാക്കന്മാരുടെയും വൈദികരുടെയും നിസ്വാർത്ഥ സേവനങ്ങൾ ലോകമെമ്പാടുമുള്ള പ്രവാസിമക്കളിൽ പുത്തനുണർവ് കൈവന്നിരിക്കുന്നു. അമേരിക്കയിലും മെൽബോണിലും കാനഡയിലും ന്യൂസിലാന്റിലും മാത്രമല്ല ഇപ്പോഴിതാ യൂറോപ്പിലും ബ്രിട്ടനിലുമൊക്കെ സീറോ മലബാർ സഭയുടെ ശക്തമായ സാന്നിധ്യം ഔദ്യോഗികമായി അംഗീകരിക്കപ്പെടുന്നു. അല്മായരുടെ ആത്മീയ തീക്ഷ്ണതയാൽ ജ്വലിക്കുന്ന ഗൾഫ് നാടുകളിൽ സഭയുടെ പ്രവർത്തനങ്ങൾക്ക് വരുംനാളുകളിൽ മാറ്റത്തിന്റെ കാറ്റ് ആഞ്ഞടിക്കുമെന്ന് ഉറപ്പാണ്. നസ്രാണിമക്കൾ ലോകത്തെവിടെയായിരുന്നാലും മാതൃസഭയുടെ കൈകളിൽ സുരക്ഷിതരാണെന്നുള്ള വലിയ സന്ദേശത്തോടൊപ്പം സഭയുടെ ആത്മീയ വളർച്ചയിലും ഭൗതീക ഉയർച്ചയിലും പ്രവാസിമക്കളുടെ സജീവപങ്കാളിത്തവും ഉറപ്പുവരുത്തുകയാണ് ഈ മുന്നേറ്റങ്ങളൊക്കെയും.**

# ലോകം കീഴടക്കി നസ്രാണിമക്കൾ

പമ്പാനദിക്കും ഭാരതപ്പുഴയ്ക്കുമിടയിൽ നിന്ന് നസ്രാണിമക്കൾ ഇന്ന് ലോകത്തിന്റെ അറ്റം വരെ എത്തിയിരിക്കുന്നു. ക്രിസ്തുശിഷ്യനായ മാർത്തോമ്മാശ്ലീഹായിൽ നിന്ന് ഉത്ഥിതനായ യേശുവിന്റെ ചൈതന്യം ഏറ്റുവാങ്ങി, ഭാരതസംസ്കാരത്തെയും പരിശുദ്ധിയേയും നെഞ്ചിലേറ്റിയുള്ള നസ്രാണിമക്കളുടെ കുടിയേറ്റജീവിതയാത്രയ്ക്ക് നൂറ്റാണ്ടുകളുടെ ചരിത്രമില്ല. പൈതൃകവും പാരമ്പര്യവും കാത്തുസൂക്ഷിച്ച് കേരളത്തിന്റെ ഇടനാടുകളെ ഇടത്താവളമാക്കി ഹൈറേഞ്ചുകളിലേയ്ക്കും, മലബാറിലേയ്ക്കും സാവധാനം ചുവടുകൾവച്ച ജനസമൂഹം. പകലന്തിയോളം പച്ചമണ്ണിനോട് പടവെട്ടി, മണ്ണിനെ സ്നേഹിച്ച്, മരങ്ങൾ വച്ചുപിടിപ്പിച്ച് പ്രകൃതിയെ ആശ്ലേഷിച്ച ദൈവമക്കൾ. പ്രകൃതിസംരക്ഷണത്തിന്റെ കാവൽ പടയാളികൾ. മലമ്പാമ്പിനോടും മലമ്പനിയോടും മല്ലിട്ട് ഒരു ജനസമൂഹത്തിന്റെ മുഴുവൻ അത്താഴപ്പട്ടിണിയകറ്റുവാൻ സർക്കാരിന്റെ നിർദ്ദേശപ്രകാരം കൃഷിചെയ്തവർ. സഭാസംവിധാനങ്ങളുടെ ശക്തമായ പിന്തുണയും നിസ്വാർത്ഥമതികളായ വൈദികസന്യാസിനി സമൂഹങ്ങളുടെ സമർപ്പണവും അവർക്ക് ബലമേകി. വിശ്വാസതീക്ഷ്ണതയിൽ ജ്വലിച്ച് അവർ പ്രകാശിച്ചു. സത്യസന്ധതയുടെയും കഠിനാധ്വാനത്തിന്റെയും നേർവഴികളിലൂടെ സഞ്ചരിച്ച് മക്കളെ പോറ്റിവളർത്തിയ ഒരു തലമുറയുടെ ത്യാഗോജ്വലമായ സമർപ്പണജീവിതത്തിന്റെയും ഉള്ളുനിറയുന്ന പ്രാർത്ഥനാചൈതന്യത്തിന്റെയും ബാക്കിപത്രമാണ് ഇന്നത്തെ നസ്രാണി മക്കളുടെ വിശ്വാസജീവിതത്തിന്റെ അടിത്തറ. ആത്മീയതയിൽ സമൃദ്ധമായ സഭയും പ്രഭാത സന്ധ്യാപ്രാർത്ഥനകൾക്കൊണ്ടു മുഖരിതമായ സുറിയാനി കുടുംബത്തിന്റെ ജീവിത പശ്ചാത്തലവും നെഞ്ചിലേറ്റി സഭാമക്കൾ പ്രയാണം തുടർന്നു.



**ആദിമ ക്രൈസ്തവസമൂഹത്തിന്റെ പതിപ്പുകളാണ് പ്രവാസിസമൂഹം. വരും തലമുറയെ സീറോ മലബാർ സഭയുടെ ആചാരാനുഷ്ഠാനങ്ങളിലും ആത്മീയതയിലും വിശ്വാസത്തിലും ആഴപ്പെടുത്തുവാനുള്ള ഇവരുടെ ഉദ്യമങ്ങളെ പ്രോത്സാഹിപ്പിക്കുവാനുള്ള ഉത്തരവാദിത്വമാണ് മാതൃസഭ നിർവഹിച്ചുകൊണ്ടിരിക്കുന്നത്.**

പതിറ്റാണ്ടുകൾ കഴിഞ്ഞപ്പോൾ ഇന്നിന്റെ തലമുറ കുടിയേറ്റങ്ങൾക്ക് പുതിയ രൂപവും ഭാവവും നൽകി ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേയ്ക്കു പറന്നുയർന്നു. ലോകത്തെ ചെറുതാക്കി കൈപിടിയിലൊതുക്കിയിരിക്കുന്ന അവസ്ഥ. രാജ്യങ്ങളിൽ നിന്ന് രാജ്യങ്ങളിലേയ്ക്ക് നസ്രാണി സമൂഹം ഓടുകയാണ്. നാടോടികളെപ്പോലെയല്ല, മറിച്ച് എത്തിച്ചേർന്ന സ്ഥലങ്ങളിലൊക്കെ തലമുറകളായി പകർന്നേകിയ വിശ്വാസചൈതന്യം കെടാതെ സൂക്ഷിച്ച് പ്രകാശംപരത്തി നവസുവിശേഷവൽക്കരണത്തിന്റെ ദീപശിഖയുമായി.

സീറോ മലബാർ സഭയിലെ പ്രവാസി മക്കളുടെ വിശ്വാസതീക്ഷ്ണത അനുഭവിച്ചറിയുവാൻ എനിക്കായിട്ടുണ്ട്. നീണ്ടവർഷക്കാലത്തെ സൗദി അറേബ്യയിലെ ജീവിതം ഇതിന് നേരിട്ട് അവസരവും ഒരുക്കിത്തന്നു. പിറന്നുവീണ മണ്ണിൽ നിന്ന് മാറിജീവിക്കുമ്പോഴുള്ള ഹൃദയനൊമ്പരവും, ഏകാന്തതയും, ഒറ്റപ്പെടലുകളും പ്രവാ സജീവിതത്തെ കർത്താവിലേയ്ക്ക് കൂടുതൽ ഒട്ടിച്ചേർക്കുന്നുവെന്നതാണ് വാസ്തവം. അല്മായ കമ്മീഷൻ സെക്രട്ടറി എന്ന നിലയിൽ ലോകത്തിലെ വിവിധ രാജ്യങ്ങളിലെ അല്മായ കൂട്ടായ്മയിൽ പങ്കുചേരുവാൻ ഈയുള്ളവന് സാധിച്ചിട്ടുണ്ട്. വിശ്വാസവും, പാരമ്പര്യവും, പൈതൃകവും കാത്തുസൂക്ഷിക്കുന്ന പ്രവാസിമക്കളുടെ ആത്മീയ ചൈതന്യവും പ്രാർത്ഥനാ തീക്ഷ്ണതയും വിവരിക്കുവാൻ വാക്കുകളില്ല. സഭാസംവിധാനങ്ങളും സാമീപ്യവും ഇല്ലാത്ത ഇടങ്ങളിൽ പോലും കൂട്ടായ്മയിലൂടെ ഒത്തുചേർന്ന് പ്രാർത്ഥിക്കുകയും മക്കൾക്ക് വിശ്വാസപഠനമേർപ്പെടുത്തുകയും ചെയ്യുന്ന പ്രവാസി അല്മായമൂഹത്തിന്റെ വിശ്വാസതീക്ഷ്ണതയും പ്രാർത്ഥനാരൂപിയും മാതൃകാപരംതന്നെ.

ആദിമ ക്രൈസ്തവസമൂഹത്തിന്റെ പതിപ്പുകളാണ് പ്രവാസിസമൂഹം. വരും തലമുറയെ സീറോ മലബാർ സഭയുടെ ആചാരാനുഷ്ഠാനങ്ങളിലും ആത്മീയതയിലും വിശ്വാസത്തിലും ആഴപ്പെടുത്തുവാനുള്ള ഇവരുടെ ഉദ്യമങ്ങളെ പ്രോത്സാഹിപ്പിക്കുവാനുള്ള ഉത്തരവാദിത്വമാണ് മാതൃസഭ നിർവഹിച്ചുകൊണ്ടിരിക്കുന്നത്. വെല്ലുവിളികളും പ്രതിസന്ധികളും നേരിടുന്ന സഭാമക്കൾക്ക് സാന്ത്വനവും പ്രത്യാശയുമേകി സമന്വയത്തിന്റെയും സ്നേഹത്തിന്റെയും വഴികളിലൂടെ നടത്തി വിശ്വാസദീപ്തിയിൽ ജ്വലിക്കുവാനുള്ള പാലങ്ങൾ മാതൃസഭ പണിയുന്നു. ഓരോ പ്രദേശങ്ങളിലെയും സാഹചര്യങ്ങളുടെ വ്യത്യാസവും സ്വാധീനവും അനുസരിച്ച് അല്മായ കൂട്ടായ്മകൾ രൂപപ്പെട്ട് വളരട്ടെ. ഈ കൂട്ടായ്മകൾക്ക് രണ്ടു തലങ്ങളുണ്ട്. ഒന്ന് ആത്മീയം, മറ്റൊന്ന് ഭൗതീകം. ആത്മീയ തലങ്ങളിൽ വിശുദ്ധ കുർബാനയും, ഇതരകൂദാശകളും, വിശ്വാസപഠനവും, പാരമ്പര്യവും പൈതൃകവും ഉൾപ്പെടുന്നു. ഭൗതികതലം പ്രധാനമായും സാമൂഹ്യകാഴ്ചപ്പാടുകളും പരസ്പര സഹകരണത്തിന്റെ മേഖലകളുമാണ്. ഓരോ രാജ്യങ്ങളിലും ഒറ്റപ്പെട്ടവരായി നമ്മുടെ മക്കൾ ജീവിക്കാൻ പാടില്ല. അവരുടെയിടയിൽ പരസ്പര സ്നേഹവും ഐക്യവും സഹകരണവും ഊട്ടിയുറപ്പിക്കാനാകണം. ആധുനിക ലോകത്തിന്റെ മാറ്റങ്ങൾക്കനുരിച്ച് പ്രവാസിമക്കൾക്ക് വളരുമാനും ഉയരുമാനുമുള്ള അവസരമൊരുക്കണം. ഭൗതികതലങ്ങളിൽ പ്രശ്നങ്ങൾ ഉടലെടുക്കുമ്പോൾ ദൈവകൃപയിലാശ്രയിച്ച്, കൂട്ടായ പ്രവർത്തനങ്ങൾ സജീവമാക്കണം. സഭാമക്കൾക്ക് സഭയുടെ സംരക്ഷണവും സ്നേഹവും ഹൃദ്യമാക്കുവാനും മാത്രമല്ല തന്നോടൊപ്പം ആശ്രയമായും പ്രോത്സാഹനമായും സഭയുണ്ടെന്നുള്ള ബോധ്യം രൂപപ്പെടുത്തുവാനും നമുക്കു സാധിക്കണം.

കഷ്ടപ്പാടിന്റെയും നഷ്ടപ്പെടലിന്റെയും ഒരു കാലഘട്ടത്തിലൂടെയാണ് കഴിഞ്ഞനാളുകളിൽ നമ്മുടെ മാതാപിതാക്കൾ സഞ്ചരിച്ചത്. അവരുടെ ജീവിക്കാൻവേണ്ടിയുള്ള പോരാട്ടങ്ങൾ നാം കൺമുമ്പിൽ കണ്ടതാണ് അതീജീവനത്തിന്റെ (survival) ചിന്ത നമ്മിലുണർത്തിയത്. ഈ ചിന്തയിൽ രൂപപ്പെട്ട വാശിയോടെയുള്ള മുന്നേറ്റമാണ് ലോകത്തിന്റെ അതിർത്തികൾ വരെ നമ്മെ എത്തിച്ചിരിക്കുന്നത്. അതിജീ

വന നെട്ടോട്ടത്തിൽ ചുവടുകൾ വയ്ക്കുമ്പോൾ ഹൃദയത്തിലേറ്റുവാങ്ങിയ വിശ്വാസചൈതന്യം തലമുറകൾക്കു പകർന്നേകുവാൻ നമുക്കാകണം. അല്ലെങ്കിൽ നഷ്ടപ്പെടലിന്റെ നാളുകൾ നമ്മെ ഗ്രസിക്കും. ഇന്ന് ഉറച്ച തീരുമാനങ്ങളെടുക്കാതെ നാളെ ഓർത്തോർത്ത് വിതുമ്പിയിട്ട് എന്തു ഫലം? അഭിമാനത്തോടെ പറയട്ടെ, ഇന്നിന്റെ പ്രവാസിമക്കൾ വിശ്വാസപങ്കുവെയ്ക്കലിൽ കാണിക്കുന്ന തീവ്രത ആശ്ചര്യകരമാണ്. ആചാരാനുഷ്ഠാനങ്ങളിൽ പുലർത്തുന്ന മാന്യത ഉന്നതമാണ്. ഒരു പരിധിവരെ കേരളത്തിലെ കുടുംബങ്ങളിൽ നഷ്ടപ്പെടുന്ന പലനന്മകളും പ്രവാസിമക്കളിൽ പുനഃപ്രതിഷ്ഠിക്കപ്പെടുന്നുവെന്നുപറഞ്ഞാൽ അതിശയോക്തിയില്ല. സഭയോട് ഒട്ടിച്ചേർന്ന് വിശ്വാസത്തിൽ ആഴപ്പെട്ട് കുടുംബബന്ധങ്ങൾ ഊട്ടിയുറപ്പിച്ച് കൂട്ടായ്മകൾ ശക്തിപ്പെടുത്തി മുന്നേറുവാനുള്ള എല്ലാ ശ്രമങ്ങൾക്കും പ്രാർത്ഥനാശംസകൾ.

**ഷെവലിയർ അഡ്വ.വി. സി. സെബാസ്റ്റ്യൻ**
ചീഫ് എഡിറ്റർ

# യുവജനസാഗരത്തിന് അനുഗ്രഹാശിസുമായി ഫ്രാൻസീസ് മാർപാപ്പ



**ജോസ് കുമ്പിളുവേലിൽ, ജർമ്മനി**

ക്രാക്കോവ്: ലോകത്തിലെ വിവിധ രാജ്യങ്ങളിൽ നിന്നായി മുപ്പതു ലക്ഷത്തിലധികം യുവജനങ്ങൾ പങ്കെടുത്ത കത്തോലിക്കാ സഭയുടെ ലോകയുവജന സംഗമത്തിന് പോളണ്ടിലെ ക്രാക്കോവിൽ ജൂലൈ 31 ന് തിരശീലവീണു.

ബൈബിൾ അടിസ്ഥാനമാക്കി സ്നേഹം, സാഹോദര്യം, സഹിഷ്ണത, സമാധാനം എന്നിവയാണ് സംഗമത്തിന്റെ മുഖ്യസന്ദേശമായി ഉയർത്തിയിരുന്നത്.

ജൂലൈ 26 ന് മുപ്പത്തിയൊന്നാമത് ലോകയുവജനമേളയ്ക്ക് ക്രാക്കോവിൽ തുടക്കമായി. വർണ്ണാഭമായ ഉദ്ഘാടന പരിപാടിയിൽ നടന്ന ദിവ്യബലിയിൽ വിശുദ്ധപദവിയിലെത്തിയ ജോപോൾ രണ്ടാമൻ മാർപാപ്പായുടെ മുൻ സെക്രട്ടറിയായ ക്രാക്കോവ് കർദ്ദിനാൾ സ്റ്റനിസ്ളാവ് ഡ്സിവിസ് മുഖ്യകാർമ്മികത്വം വഹിച്ചു. ഇരുനൂറോളം ബിഷപ്പുമാരും ദേശീയ, അന്തർദേശീയ തലത്തിൽ നിന്നുള്ള വൈദികരും ദിവ്യബലിയിൽ സഹകാർമ്മികരായി. പോളണ്ട് പ്രധാനമന്ത്രി ബിയാറ്റെ സിഡ്റ്റോയും കുടുംബാംഗങ്ങളും ദിവ്യബലിയിലും ഉദ്ഘാടന പരിപാടിയിലും പങ്കെടുത്തു. ലോകത്തിന്റെ എല്ലാ മുക്കിലും മൂലയിൽ നിന്നും രണ്ടു മില്യൻ യുവജനങ്ങൾ ഉദ്ഘാടനദിനത്തിലെ പരിപാടിയിൽ പങ്കെടുക്കാൻ എത്തിയിരുന്നു.

ദൈവത്തിന്റെ ദിവ്യമായ അനന്തകാരുണ്യം ലോകമെമ്പാടും അറിയിക്കാൻ യുവജനങ്ങൾ കാരുണ്യത്തിന്റെ അംബാസഡർമാരായി മാറണമെന്ന് ഉദ്ഘാടന സന്ദേശത്തിൽ കർദ്ദിനാൾ സ്റ്റനിസ്ളാവ് ഡ്സിവിസ് പറഞ്ഞു. യുവജനങ്ങൾക്ക് എന്നും പ്രചോദനവും ആവേശവുമായ വി.ജോൺ പോൾ രണ്ടാമന്റെ സ്വന്തം മണ്ണിൽ നടക്കുന്ന യുവജനസംഗമത്തിന് പ്രത്യേക വിശേഷണം തന്നെയുണ്ടെന്ന് കർദ്ദിനാൾ പറഞ്ഞു. ദിവ്യബലിയ്ക്ക് ഒരു വൻ യുവജന ഗായകസംഘംതന്നെ അകമ്പടിയുണ്ടായിരുന്നു.

വർണ്ണപ്പൊലിമയാർന്ന ഉദ്ഘാടനത്തിനൊപ്പം ആഘോഷമായ ദിവ്യബലിയും നടന്നത് ബ്ളോണിയ പാർക്കിലാണ്. ക്രാക്കോവിലെ ബ്ളോണിയ പാർക്ക് ഒരു യുവസാഗരമായി മാറി. 600 ഏക്കർ വിസ്താരമുള്ള മൈതാനമാണു സംഗമത്തിനു വേണ്ടി



പ്രത്യേകം തയാറാക്കിയത്.

സംഗമത്തെ അനുഗ്രഹിക്കാൻ ഫ്രാൻസിസ് ഒന്നാമൻ മാർപാപ്പാ ജൂലൈ 27 നാണ് പോളണ്ടിലെത്തിയത്. വൈകുന്നേരം നാലുമണിയ്ക്ക് ജോൺ പോൾ രണ്ടാമൻ ബാലീസ് വിമാനത്താവളത്തിൽ ഇറങ്ങിയ മാർപാപ്പായെ പോളിഷ് പ്രസിഡന്റ് ആന്ദ്രെ ഡൂഡ്, ഉന്നത രാഷ്ട്രീയ നേതാക്കൾ, ക്രാക്കോവ് മെട്രോപൊലീറ്റൻ ബിഷപ്പ് കർദ്ദിനാൾ ഡിസ്വിസ്, കത്തോലിക്കാ സഭാ നേതാക്കൾ തുടങ്ങിയവർ ചേർന്നു സ്വീകരിച്ചു. ബിഷപ്പ് കർദ്ദിനാൾ ഡിസ്വിസ് സ്വാഗതം ആശംസിച്ചു. 20 മിനിറ്റ് നീണ്ടുനിന്ന സ്വീകരണ ചടങ്ങിനു ശേഷം പാപ്പായെയും സംഘത്തെയും പ്രസിഡന്റ് ആന്ദ്രെ ഡൂഡ് ഔദ്യോഗികമായി പ്രസിഡന്റിന്റെ ആസ്ഥാനമായ വാവൽ റോയൽ കൊട്ടാരത്തിലേയ്ക്കു ആനയിച്ചു. 40 മിനിറ്റു നിന്ന ഔദ്യോഗിക സന്ദർശനത്തിനു ശേഷം പാപ്പാ പോളിഷ് പ്രധാനമന്ത്രി ബിയാറ്റെ സിഡ്ലോയുമായി കൂടിക്കാഴ്ച നടത്തി. തുടർന്നു ക്രാക്കോവിലെ ഫ്രാൻസിസ്കൻ ഹൗസിൽ രാത്രി വിശ്രമത്തിനായി എത്തിച്ചേർ പാപ്പാ പുറത്തു നിന്നിരുവരെ ആശീർവദിച്ചു.

അഞ്ചുദിന സന്ദർശനത്തിനിടയിൽ 28 ന് പോളിഷ് പ്രസിഡന്റ് അന്ദ്രേ ഡൂഡ്, പോളിഷ് കർദ്ദിനാളന്മാർ, ബിഷപ്പുമാർ എന്നിവരുമായി കൂടിക്കാഴ്ച നടത്തിയ പാപ്പാ ക്രാക്കോവിൽ എത്തി യുവജനങ്ങളുമായും സംവദിച്ചു.

## ദിവ്യബലിയ്ക്കിടെ ഫ്രാൻസിസ് മാർപാപ്പാ കാൽതെറ്റി വീണു

മുപ്പത്തിയൊാമത് ലോകയുവജനമേളയിൽ പങ്കെടുക്കാൻ പോളണ്ടിലെത്തിയ പാപ്പാ പോളണ്ടിന്റെ രക്ഷകയായ ബ്ലാക്ക് മഡോണയുടെ രൂപം സ്ഥിതിചെയ്യുന്ന ചെസ്റ്റോഹോവ സന്ദർശിച്ച് പ്രാർത്ഥന നടത്തി. ഫ്രാൻസിസ് മാർപാപ്പാ ബലിയർപ്പണത്തിനായി ബ്ലായ്ക്ക് മഡോണ ദേവാലയത്തിലെ ബലിവേദിയിലേയ്ക്കു വരവേ കാൽതെറ്റി വീണു. എഴുപത്തിയൊൻപതുകാരനായ പാപ്പാ സഹകാർമ്മികരുമൊത്ത് വരവേയാണ് ചുവടുപിഴച്ച് വീണത്. വീഴ്ചയിൽ പരിക്കൊന്നും ഉണ്ടായില്ല, കൂടെയുണ്ടായിരുന്ന വൈദികർ പാപ്പായെ പിടിച്ചെഴുന്നേൽപ്പിച്ചു. തുടർന്നു പാപ്പാ പരിപാടിപ്രകാരമുള്ള ദിവ്യബലിയും സന്ദേശവും ആശീർവാദവും നൽകുകയും ചെയ്തു.

## പോളണ്ടിലെ നാസി തടവറകളിൽ ഫ്രാൻസിസ് മാർപാപ്പാ പ്രാർത്ഥന നടത്തി

പോളണ്ടിലെ അഞ്ചുദിന സന്ദർശനത്തിനിടയിൽ ഫ്രാൻസിസ് ഒന്നാമൻ മാർപാപ്പാ 29 ന് വെള്ളിയാഴ്ച കുട്ടികളുടെ സർക്കാർ ആശുപത്രിയും സന്ദർശിച്ചു. തുടർന്ന് രണ്ടാം ലോകമഹായുദ്ധകാലത്തെ ഹിറ്റ്ലറുടെ നാസി ഭരണകാലത്തെ ഓഷ്വിറ്റ്സ്, ബിർക്കെനാവു എന്നീ തടങ്കൽ പാളയങ്ങൾ സന്ദർശിച്ചു പ്രാർത്ഥന നടത്തി.

ഈ തടവറകളിലാണ് ജൂതരെയും മറ്റു യുദ്ധതടവുകാരെയും നാസികൾ പീഡിപ്പിച്ചത്. ഈ തടവറകളിൽ കഴിഞ്ഞിരുന്ന 11 ലക്ഷത്തോളം തടവുകാരെയാണ് ഹിറ്റ്ലർപട കൂട്ടക്കുരുതി നടത്തിയത്.

ഇത്തരം ക്യാമ്പുകളിൽ നിന്ന് പുറത്തുവന്ന് കൊലപാതകത്തിൽ നിന്ന് രക്ഷപെട്ട ജൂതരെയും നാസിപടയുടെ കണ്ണിൽപ്പെടാതെ ഒളിച്ചു ജീവിച്ച ജീവിക്കു

രക്തസാക്ഷികളുമായ പോളിഷ് പൗരന്മാരുമായും പാപ്പാ നേരിൽക്കണ്ട് സമാശ്വാസ വാക്കുകൾ കൈമാറി. എങ്കിലും പാപ്പാ ഇവിടെ നിശബ്ദ പൂർണ്ണനായിരുന്നു.

തടവറകളുടെ ദൂരെ വാഹനം നിർത്തിച്ച് അകലെനിന്നും നടന്നാണ് പാപ്പാ പാളയങ്ങളിൽ എത്തിയത്. നേരത്തെ വിമാനത്തിൽ എത്താനായിരുന്നു പരിപാടിയെങ്കിലും കാലാവസ്ഥ പ്രതികൂലമായതിനാൽ കാർ മാർഗ്ഗമാണ്



പാപ്പാ ഇവിടെയെത്തിയത്. ജോൺ പോൾ രണ്ടാമനും, ബനഡിക്റ്റ് പാപ്പായും ഇവിടം സന്ദർശിച്ചിട്ടുണ്ട്. യൂറോപ്പിനു പുറത്തുനിന്ന് ഔഷ്‌വിറ്റ്സ്, ബിർക്കെനാവു നാസി തടവറകൾ സന്ദർശിക്കുന്ന ആദ്യ മാർപാപ്പയാണ് ഫ്രാൻസിസ് പാപ്പ.

ഔഷ്‌വിറ്റ്സിൽ വിശുദ്ധ മാക്സ്മില്യൻ കോൾബെ പീഡനങ്ങൾക്കിരയായി മരിച്ച തടവുമുറിയും സന്ദർശിച്ച് ഫ്രാൻസിസ്പാപ്പ പ്രാർത്ഥിച്ചു. ദൈവമേ കരുണ കാട്ടണമേ, ഈ ക്രൂരതയിൽ ക്ഷമിക്കണമേ അദ്ദേഹം ഔഷ്‌വിറ്റ്സ് ക്യാമ്പിലെ സന്ദർശക ഡയറിയിൽ സ്പാനിഷ് ഭാഷയിൽ എഴുതി.

ഫ്രാൻസിസ്കൻ സന്യാസിയായ മാക്സ്മില്യൻ കോൾബെ മറ്റൊരു തടവുകാരനു പകരം ജീവൻ ബലി നൽകുകയായിരുന്നു. 1982 ൽ ജോൺ പോൾ രണ്ടാമൻ പാപ്പാ മാക്സിമില്യനെ വിശുദ്ധനായി പ്രഖ്യാപിച്ചു.

ക്രാക്കോവിനടുത്ത് പ്രൊക്കോസിമിലെ വികലാംഗരായ കുട്ടികൾക്കുള്ള യൂണിവേഴ്സിറ്റി ചിൽഡ്രൻസ് ആശുപത്രിയും മാർപാപ്പ സന്ദർശിച്ചു. വെള്ളിയാഴ്ച വൈകുന്നേരം ഫ്രാൻസിസ് പാപ്പാ യുവജനങ്ങൾക്കൊപ്പം ക്രാക്കോവിൽ നടന്ന കുരിശിന്റെ വഴിയിലും നൈറ്റ് വിജിലിലും പങ്കെടുത്തു. യുവജനങ്ങൾക്കൊപ്പം കുരിശിന്റെ വഴിയിൽ പങ്കെടുത്ത് ഫ്രാൻസിസ് മാർപാപ്പ ത്യാഗത്തിന്റെ മഹത്വം ലോകത്തെ ഓർമിപ്പിച്ചു. കരുണയുടെ ആധുനിക കാലഘട്ടത്തിലെ പ്രസക്തി വിചിന്തനം ചെയ്തായിരുന്നു കുരിശിന്റെ വഴി. യുവജനങ്ങൾ ദൈവത്തിന്റെ കരുണാർദ്രമായ സ്നേഹത്തിന്റെ അടയാളങ്ങളാകണം. കുരിശിന്റെ വഴി മാത്രമാണ് പാപങ്ങളെ കീഴടക്കാനുള്ള ഏക മാർഗമെന്ന് മാർപാപ്പ ഉദ്ബോധിപ്പിച്ചു. ബ്ളോണിയ പാർക്കിൽ നടന്ന കുരിശിന്റെ വഴിയുടെ സമാപനത്തിൽ മാർപാപ്പ സന്ദേശം നൽകി.

## സെന്റ് ജോൺ പോൾ ബസലിക്കയിൽ മാർപാപ്പാ ബലിയർപ്പിച്ചു

പോളണ്ടിലെ വിശുദ്ധ ജോൺ പോൾ രണ്ടാമന്റെ നാമത്തിലുള്ള ബസലിക്കയിൽ ഫ്രാൻസിസ് മാർപാപ്പ ശനിയാഴ്ച രാവിലെ ദിവ്യബലിയർപ്പിച്ചു. 2002 ൽ ജോൺ പോൾ മാർപാപ്പയായിരുന്നപ്പോൾ ഈ ദേവാലയം സന്ദർശിച്ചിരുന്നു. ഇതു പുതുക്കിപണിയാനുള്ള മാർബിൾശില അന്ന് ആശീർവദിച്ചിരുന്നു.

ദിവ്യബലിയ്ക്കിടെ നടത്തിയ പ്രസംഗത്തിൽ സുഖസൗകര്യങ്ങളുടെ പടവിൽ മാത്രം ഒതുങ്ങിക്കൂടാതെ ആവശ്യക്കാരുടെ ഇടയിലേയ്ക്കു ഇറങ്ങിച്ചെന്ന് സൽകർമ്മങ്ങളിൽ ഏർപ്പെട്ട് ദൈവത്തിന്റെ വചനം നൽകാൻ വിശ്വാസികളെ പാപ്പാ ഉദ്ബോധിപ്പിച്ചു.

ഈശോയുടെ പന്ത്രണ്ട് ശിഷ്യന്മാരെപ്പോലെ നിങ്ങൾ ദൈവരാജ്യത്തിന്റെ മന്ത്രിമാരായി ഓരോരുത്തരേയും പരിപാലിയ്ക്കണമെന്ന് പാപ്പാ പറഞ്ഞു. നിങ്ങളുടെ വിശുദ്ധന്റെ വിളിയുടെ നാദം നിങ്ങൾ കേൾക്കുന്നില്ലേ. അദ്ദേഹം പറയുന്നതു നിങ്ങൾ ശ്രവിക്കുന്നില്ലേ.. ദയവായി വാതിലുകൾ തുറന്നിടൂ.. ഇതാണ് ജോൺ പോൾ വിശുദ്ധന്റെ അപേക്ഷ.



പാപ്പാ കൂട്ടിച്ചേർത്തു.

ഇരുകാലുകളും നഷ്ടപ്പെട്ട ഒരു കുട്ടിക്കായി പാപ്പാ കൊണ്ടുവന്ന കൃത്രിമ കാലുകൾ ദിവ്യബലിയ്ക്കു ശേഷം പാപ്പാ കുട്ടിക്കു നൽകി. പാപ്പായുടെ ദിവ്യബലിയിൽ പതിനായിരങ്ങൾ പങ്കെടുത്തിരുന്നു.

തുടർന്നു ക്രാക്കോവിലെ ഡിവൈൻ മേഴ്സി തീർഥകേന്ദ്രത്തിലെ 'കരുണയുടെ കവാടത്തിലൂടെ, വിശുദ്ധ ഫൗസ്റ്റീനയെ അടക്കം ചെയ്ത ചാപ്പലിലെത്തി പ്രാർഥന നടത്തി. തുടർന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് എത്തിയവരിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 12 യുവജനങ്ങൾക്കൊപ്പം മാർപാപ്പ ഉച്ചഭക്ഷണം കഴിച്ചു. യുവജനങ്ങൾക്കൊപ്പം സെൽഫിയെടുക്കാനും മാർപാപ്പ മടികാണിച്ചില്ല.

സമാപന പരിപാടിയിലെ സംഗീതമേള യുവജനസംഗമത്തിന്റെ ഹൈലൈറ്റ്സ് ആയിരുന്നു. വിശുദ്ധ ജോൺ പോൾ രണ്ടാമനുള്ള സ്മരണാഞ്ജലിയായി സമർപ്പിച്ച സംഗീത പരിപാടിയ്ക്ക് 'ജോൺ പോൾ രണ്ടാമന്റെ ദിവ്യബലി' എന്നാണ് നാമകരണം ചെയ്തിരുന്നത്. പോളണ്ടിലെ പ്രശസ്തരായ 300 പേരടങ്ങു ഗായകസംഘവും 100 കലാകാരന്മാർ പങ്കെടുത്ത ഓർക്കെസ്ട്രയും സംഗീത പരിപാടിയെ യുവജനങ്ങളുടെ മനം കുളിർപ്പിച്ചു. ലത്തീൻ ഭാഷയിൽ എഴുതി ഹെൻറിക് ജാൻ ബോതോർ സംവിധാനം ചെയ്ത സംഗീത പരിപാടി വിവിധ ഭാഷകളിലേക്കു വിവർത്തനം ചെയ്തിരുന്നു. ഇറ്റലിയിലെ സിംഗിംഗ് സിസ്റ്ററായി അറിയപ്പെടുന്ന ക്രിസ്റ്റീന സൂസിയും യുവജനമേളയിൽ എത്തി വേദി പങ്കിട്ടത് ആരാധകർക്ക് സന്തോഷമായി.

31 ന് ഞായറാഴ്ച രാവിലെ നടന്ന സമാപന ദിവ്യബലിയിൽ ഫ്രാൻസിസ് പാപ്പാ മുഖ്യകാർമ്മികത്വം വഹിച്ച് സന്ദേശം നൽകി. ചെകുത്താനെ കീഴ്പ്പെടുത്തി കൂടുതൽ ശക്തിയോടെ ദൈവത്തിന്റെ പദ്ധതിയിൽ പങ്കുചേരാൻ യുവജനങ്ങളെ പാപ്പാ ഉദ്ബോധിപ്പിച്ചു. 40 കർദിനാൾമാരും ആയിരത്തോളം ബിഷപ്പുമാരും പതിനായിരത്തിലധികം വൈദികരും സഹകാർമ്മികരായി നടന്ന ദിവ്യബലി ബ്ളോണിയ പാർക്കിലെ തുറന്ന വേദിയിലായിരുന്നു.

ദിവ്യബലിയ്ക്കിടെ അടുത്ത സമ്മേളന വേദിയും പ്രഖ്യാപിച്ചു. മദ്ധ്യ അമേരിക്കയിലെ പനാമ നഗരത്തിൽ 2019 ൽ അടുത്ത മേള നടക്കും. 3.8 മില്യൻ ജനങ്ങളാണ് ഇവിടെ അധിവസിക്കുന്നത്. സ്പാനിഷാണ് ഇവിടുത്തെ ഭാഷ.

യുവജനസംഗമത്തിന്റെ സംഘാടകരുമായും വോളണ്ടിയർമാരുമായും പ്രത്യേകം കൂടിക്കാഴ്ച നടത്തിയാണ് പാപ്പാ ക്രാക്കോവിൽ നിന്ന് വത്തിക്കാനിലേയ്ക്കു മടങ്ങിയത്. സമാപനസമ്മേളനത്തിൽ ഏകദേശം 30 ലക്ഷം യുവജനങ്ങൾ പങ്കെടുത്തെന്നാണ് സംഘാടകരുടെ കണക്കുകൂട്ടൽ. പാപ്പായുടെ സന്ദർശനത്തിനോടനുബന്ധിച്ചും യുവജനസംഗമത്തിന്റെ സുരക്ഷയ്ക്കുമായി സൈനികരും പോലീസ് സേനയുമടക്കം 40,000 സെക്യൂരിറ്റി ഉദ്യോഗസ്ഥന്മാരെയാണ് ക്രാക്കോവിൽ ഡ്യൂട്ടിക്കു നിയോഗിച്ചിരുന്നത്.

150 രാജ്യങ്ങളിൽ നിന്നായി 50 കർദിനാളന്മാരും 800 ബിഷപ്പുമാരും 20,000 വൈദികരും കൂടാതെ ഒട്ടനവധി കന്യാസ്ത്രീകളും സംഗമത്തിൽ പങ്കെടുക്കാൻ ക്രാക്കോവിൽ എത്തിയിരുന്നു. ഫ്രാൻസിസ് പാപ്പായുടെ ജന്മനാടായ അർജന്റീനയിൽ നിന്ന് 7000 യുവജനങ്ങളാണ് സംഗമത്തിൽ പങ്കെടുത്തത്.

# സഭ ഉറ്റുനോക്കുന്നത് യുവജനങ്ങളിലേക്ക്: മാർപാപ്പ

യുവജനങ്ങളാണ് സഭയുടെ പ്രതീക്ഷയെന്ന് ഫ്രാൻസിസ് മാർപാപ്പ. പോളണ്ടിലെ ക്രാക്കോവിൽ നടന്ന ലോകയുവജനസമ്മേളനത്തെ അഭിസംബോധന ചെയ്തു പ്രസംഗിക്കുകയായിരുന്നു മാർപാപ്പ. യുവജനങ്ങളെ സഭ ഉറ്റുനോക്കുകയാണ്. മാറ്റങ്ങൾ വരുത്താൻ നമുക്കു കഴിയുമോ? നമുക്കെല്ലാവർക്കും ഒന്നിച്ചു കരുണയെക്കുറിച്ച് സംസാരിക്കാം. കരുണയ്ക്കായി ഹൃദയങ്ങൾ തുറക്കണം. ശൂന്യമായ ആഘോഷങ്ങളെക്കുറിച്ചാണോ നിങ്ങൾ ചിന്തിക്കുന്നത്. പരിശ്രമംകൂടാതെ പരാജയം സമ്മതിച്ചു പിന്മാറുന്ന യുവത്വം എന്നെ വേദനിപ്പിക്കുന്നു. യേശുക്രിസ്തുവിനെ വിലകൊടുത്തു വാങ്ങാൻ കിട്ടുന്നതല്ല. അവൻ



ദൈവപിതാവിന്റെ ദാനമാണ് മാർപാപ്പ ചൂണ്ടിക്കാട്ടി. കരുണാർദ്രമായ സ്നേഹം പങ്കുവയ്ക്കാനാണ് ദൈവം നമ്മെ ഓരോരുത്തരേയും ഈ ലോകത്തേക്ക് അയച്ചിരിക്കുന്നത്. ഈ ബോധ്യം എപ്പോഴും നമുക്ക് ഉണ്ടായിരിക്കണം മാർപാപ്പ ഉദ്ബോധിപ്പിച്ചു.

ക്രാക്കോയിലെ ബ്ളോണിയ പാർക്കിലെ യുവജനസമ്മേളനവേദിയിലേക്ക് എത്തിയ മാർപാപ്പയെ ഹർഷാരവത്തോടെയും പാട്ടു പാടിയും നൃത്തം ചവിട്ടിയുമാണ് ലക്ഷക്കണക്കിനുവരുന്ന യുവജനങ്ങൾ എതിരേറ്റത്. ബിഷപ്പുമാരും ക്രാക്കോ മേയറും ചേർന്നു സമ്മേളനവേദിയിൽ മാർപാപ്പയെ സ്വീകരിച്ചു. കർദിനാൾ ഡിസിവിസ് മാർപാപ്പയ്ക്ക് സ്വാഗതമാശംസിച്ചു.

# ജാഗ്രതയും പ്രാർഥനയും വേണം: മാർ ആലഞ്ചേരി

കൊച്ചി: ഏതാനും നാളുകളായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്രൈസ്തവ വിശ്വാസികൾക്കു നേരെയുണ്ടാകുന്ന അതിക്രമങ്ങൾ ആശങ്കയുണർത്തുന്നതാണെന്നു സീറോ മലബാർ സഭ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി. കഴിഞ്ഞ ദിവസം വടക്കൻ ഫ്രാൻസിലെ ദേവാലയത്തിൽ ദിവ്യബലിയർപ്പിച്ചുകൊണ്ടിരുന്ന വൈദികൻ ഫാ. ഷാക് ഹാമൽ മൃഗീയമായി കൊല്ലപ്പെട്ട സംഭവം ലോകമനഃസാക്ഷിയെ ഞെട്ടിക്കുന്നതാണ്. അടുത്തകാലത്തു ഫ്രാൻസിൽത്തന്നെ നടക്കുന്ന മൂന്നാമത്തെ ഭീകരാക്രമണമാണിത്.

യെമനിലെ ഏഡനിൽ പൗരോഹിത്യശുശ്രൂഷയിലായിരുന്ന ഫാ. ടോം ഉഴുന്നാലിലിന്റെ തിരോധാനം സംഭവിച്ചിട്ട് അഞ്ചു മാസമാവുന്നു. ഇദ്ദേഹത്തെക്കുറിച്ചു വ്യക്തമായ ഒരു വിവരവും ലഭിച്ചിട്ടില്ലെന്നത് ഉത്കണ്ഠ ഉളവാക്കുന്നു. ഈ അവസരത്തിൽ തന്നെ മിഷനറീസ് ഓഫ് ചാരിറ്റീസ് സമൂഹത്തിലെ നാലു സന്യാസിനികൾ ഉൾപ്പടെ പന്ത്രണ്ടു പേർ കൊല്ലപ്പെട്ടതും മറക്കാവുന്നതല്ല. ക്രൈസ്തവ വിശ്വാസത്തിലും അതിന്റെ പൈതൃകത്തിലും ജീവിക്കുന്നവരെ വശത്താക്കി തീവ്രവാദ, രാജ്യവിരുദ്ധ പ്രവർത്തനങ്ങൾക്കു പ്രേരിപ്പിക്കുന്ന സംഭവങ്ങൾ നമ്മുടെ നാട്ടിൽത്തന്നെ ഉണ്ടാകുന്നുവെന്നതും ഗൗരവമായി കാണേണ്ടതുണ്ട്.

മതവിശ്വാസത്തെ തീവ്രവാദത്തിനുപയോഗിക്കുന്ന ഒരുവിഭാഗം ആളുകളുടെ ക്രൂരതയ്ക്കു മനുഷ്യസമൂഹം തലകുനിച്ചുനിൽക്കേണ്ട സാഹ



ചര്യം ദയനീയമാണ്. മതേതരത്വം ഉയർത്തിപ്പിടിക്കുന്ന പൊതുസമൂഹത്തിൽ, വിശ്വാസജീവിതം മുറുകെപ്പിടിക്കുന്നവർക്കെതിരെയുണ്ടാകുന്ന അതിക്രമങ്ങളെ ശക്തമായി അപലപിക്കേണ്ടിയിരിക്കുന്നു. ഇത്തരം പ്രവണതകളെ സൂക്ഷ്മതയോടെ വീക്ഷിക്കാനും മതേതര മൂല്യങ്ങൾ മുറുകെപ്പിടിക്കാനും എല്ലാ മതങ്ങളിലുമുള്ള വിശ്വാസികൾക്കു സംരക്ഷണം നൽകാനും ഭരണകർത്താക്കൾക്കു കടമയുണ്ട്.

അതിക്രമങ്ങളുടെ പേരിൽ മതവൈരമോ പരസ്പര വിദ്വേഷമോ വളർത്താതിരിക്കാൻ ഏവരും ശ്രദ്ധിക്കണം. ഭയപ്പെടാതെ വിശ്വാസബോധ്യത്തോടെ ഇതിനെ നോക്കിക്കാണാനാണു ക്രൈസ്തവർ ശ്രദ്ധിക്കേണ്ടത്. നിരവധി പ്രതിസന്ധികളെ തരണം ചെയ്തു വളർന്നതാണു ക്രൈസ്തവവിശ്വാസം. വിശ്വാസം എന്നും സംരക്ഷിക്കപ്പെടാനും സഹനങ്ങളെ ധീരതയോടെ ഏറ്റെടുക്കാനും ലോകമെങ്ങും പീഡനമനുഭവിക്കുന്നവരുടെയും മറ്റെല്ലാ വിശ്വാസികളുടെയും സുസ്ഥിതിക്കു വേണ്ടിയും തീക്ഷ്ണമായി പ്രാർഥിക്കണം. വിശ്വാസജീവിതത്തിന്റെ വർത്തമാന കാലവെല്ലുവിളികളെ അതിജീവിക്കാനും സമാധാനപൂർവകമായ ജീവിതം നയിക്കാനുമുള്ള മാർഗനിർദേശങ്ങൾ നൽകണമെന്നും കർദിനാൾ മാർ ജോർജ് ആലഞ്ചേരി ആഹ്വാനം ചെയ്തു. ജൂലൈ 31 ഞായറാഴ്ച സീറോ മലബാർ സഭയിലെ എല്ലാ പള്ളികളിലും ലോകസമാധാനത്തിനായി പ്രത്യേക പ്രാർഥന നടത്തപ്പെട്ടു.

### സീറോ മലബാർ സഭയ്ക്കു ...

(ഒന്നാം പേജ് തുടർച്ച)

ൻഷ്യേറ്റും നേടിയ നിയുക്ത മെത്രാൻ 2000 ഓഗസ്റ്റ് 12നു മാർ ജോസഫ് പള്ളിക്കാപറമ്പിലിൽനിന്നു പൗരോഹിത്യം സ്വീകരിച്ചു.

മാർ സ്റ്റീഫൻ ചിറപ്പണത്ത് ഇരിങ്ങാലക്കുട പുത്തൻചിറ ഇടവകയിൽ കവലക്കാട്ട് ചിറപ്പണത്ത് പരേതരായ പോൾ-റോസി ദമ്പതികളുടെ എട്ടു മക്കളിൽ ഏഴാമനായി 1961 ഡിസംബർ 26നു ജനിച്ചു. വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് മേജർ സെമിനാരിയിൽ തത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിച്ചു. 1987 ഡിസംബർ 26ന് മാർ ജെയിംസ് പഴയാറ്റിലിൽ നിന്നു പൗരോഹിത്യം സ്വീകരിച്ചു.

# നിക്ഷേപം വായ്പയായി ലഭ്യമാക്കണമെന്ന് ഇൻഫാം

തിരുവനന്തപുരം: സാമൂഹ്യക്ഷേമം ലക്ഷ്യമാക്കിയുള്ള ബാങ്കിംഗ് സേവനം എളുപ്പത്തിലാക്കുന്നതിനും സംസ്ഥാനത്തുനിന്നുള്ള നിക്ഷേപം ഇവിടെ തന്നെ വായ്പയായി ലഭ്യമാക്കുന്നതിനുള്ള പടികളും സ്വീകരിക്കാൻ സംസ്ഥാന സർക്കാർ ഇടപെടണമെന്ന് ഇന്ത്യൻ ഫാർമേഴ്സ് മൂവ്മെന്റ് (ഇൻഫാം) ആവശ്യപ്പെട്ടു. ധനമന്ത്രി ഡോ. തോമസ് ഐസക്കിനു നൽകിയ നിവേദനത്തിലാണ് ഈ ആവശ്യം ഉന്നയിച്ചത്.

അഖിലേന്ത്യാതലത്തിൽ നിക്ഷേപത്തിന്റെ ഏകദേശം 75 ശതമാനം വായ്പയായി നൽകുന്നുണ്ടെങ്കിലും കേരളത്തിൽ ഇത് 65 ശതമാനത്തിൽ താഴെയാണ്. മൊത്തം വായ്പയുടെ 40 ശതമാനം കൃഷി, ചെറുകിട വ്യവസായം തുടങ്ങിയ മുൻഗണനാ മേഖലയ്ക്കു നൽകണമെന്നും അതിൽ തന്നെ 18 ശതമാനം കാർഷിക മേഖലയ്ക്കു നൽകണമെന്നുമുള്ള നിർദേശങ്ങൾ പാലിക്കപ്പെടുന്നില്ല. മൂന്നു ലക്ഷത്തിൽ പരം കോടി രൂപ സംസ്ഥാനത്തെ ബാങ്കുകളിൽ നിക്ഷേപമുള്ളപ്പോൾ കാർഷിക മേഖലയ്ക്ക് 30,000 കോടിയോളം രൂപ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്.

നാലു ശതമാനം പലിശയ്ക്ക് കാർഷിക വായ്പ നൽകാനുള്ള പദ്ധതിയും ബാങ്കുകളുടെ നിഷേധാത്മക സമീപനം മൂലം കേരളത്തിലെ കർഷകർക്കു ലഭ്യമാകുന്നില്ല. ഈ മേഖലയിലെ നബാർഡിന്റെ ഇടപെടലും ആശാവഹമല്ല.

നാലു ലക്ഷം രൂപ വരെയുള്ള വിദ്യാഭ്യാസ വായ്പകൾക്ക് സെക്യൂരിറ്റിയോ മറ്റുള്ളവരുടെ ഗാരന്റിയോ ആവശ്യമില്ലെന്ന വ്യവസ്ഥ ബാങ്കുകൾ പാലിക്കുന്നില്ല. ഭവന- വാഹന വായ്പകൾ 9.65 ശതമാനം നിരക്കിൽ നൽകുമ്പോൾ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരെ സഹായിക്കാനുദ്ദേശിച്ചു നടപ്പാക്കുന്ന വായ്പകൾക്ക് കൊള്ളപ്പലിശയാണ് ഈടാക്കുന്നത്.

സാമൂഹ്യക്ഷേമം ലക്ഷ്യമിട്ട് കേന്ദ്ര സർക്കാർ ബാങ്കുകൾ വഴി നടപ്പാക്കുന്നതിനുദ്ദേശിച്ചുള്ള നിരവധി പദ്ധതികളുടെ പ്രയോജനം ബാങ്കുകളുടെ നിഷേധാത്മക സമീപനം കൊണ്ട് പ്രയോജപ്പെടുത്താനാകുന്നില്ലെന്നും നിവേദനത്തിൽ ചൂണ്ടിക്കാട്ടി.

ഇൻഫാം നാഷണൽ ട്രസ്റ്റിയും ഇൻഫാം ലീഗൽ സെൽ കൺവീനറുമായ ഡോ. എം.സി. ജോർജ്, ഇൻഫാം സ്റ്റേറ്റ് സമിതി കൺവീനർ ജോസ് ഇടപ്പാട്ട് എന്നിവരാണ് നിവേദനം സമർപ്പിച്ചത്.

## അന്താരാഷ്ട്ര വില കുതിച്ചിട്ടും ആഭ്യന്തരവിപണി ഉണരാത്തത് ആശങ്കാജനകം

കൊച്ചി: റബറിന്റെ അന്താരാഷ്ട്രവില കുതിച്ചിട്ടും ആഭ്യന്തരവിപണിയിൽ വില ഉയരാത്തത് ആശങ്കപ്പെടുത്തുന്നുവെന്നും കേന്ദ്രസർക്കാർ ഏർപ്പെട്ടിരിക്കുന്ന ചുങ്കരഹിത ഉടമ്പടികളും സ്വതന്ത്ര്യവ്യാപാരക്കരാറുകളും അഡ്വാൻസ് ഓതറൈസേഷൻ സ്കീമിലൂടെയുള്ള നികുതിരഹിത ഇറക്കുമതിയും വരുംനാളുകളിൽ റബർ വിപണിയിൽ വൻ പ്രതിസന്ധി സൃഷ്ടിക്കുമെന്നും ഇൻഫാം ദേശീയ സമിതി സൂചിപ്പിച്ചു.

ആഭ്യന്തരവിപണിയിൽ റബർവില ഇടിയുമ്പോൾ രണ്ടുകാരണങ്ങളാണ് ഇക്കാലമത്രയും സർക്കാരും റബർബോർഡും വ്യവസായികളും കർഷകരോട് പറഞ്ഞിരുന്നത്. ഒന്ന്, അന്താരാഷ്ട്രവിപണിയിലെ വിലക്കുറവ്, രണ്ട്, ക്രൂഡോയിലിന്റെ വിലയിടിവ്. റബറിന് അന്താരാഷ്ട്രമാർക്കറ്റ് അടിസ്ഥാനമാക്കുന്നത് ബാങ്കോക്ക് മാർക്കറ്റാണ്. ബാങ്കോക്ക് മാർക്കറ്റിൽ ഇന്ത്യയിലെ ആർഎസ്എസ് 4 നു തുല്യമായ ആർഎസ്എസ് 3യുടെ വില കഴിഞ്ഞ 3 ദിവസങ്ങൾക്കുള്ളിൽ കിലോഗ്രാമിന് 12 രൂപ വർദ്ധിച്ചു. ജൂലൈ 1ന് ബാങ്കോക്ക്‌വില ഒരു കിലോഗ്രാം റബറിന് 118 രൂപയായിരുന്നു. 3 ദിവസത്തെ അവധിക്ക് ശേഷം ജൂലൈ 21ന് മാർക്കറ്റ് ആരംഭിച്ചപ്പോൾ 129.5 രൂപയായും 22ന് 131.5 രൂപയായും ഉയർന്നു. സമാനറബറിന് ഇന്ത്യയുടെ ആഭ്യന്തരവിപണിയിൽ ജൂലൈ 1-നുണ്ടായിരുന്ന 142.50 രൂപ ഇന്ന് 143 രൂപയായി തുടരുന്നു. വ്യാപാരിവില കിലോഗ്രാമിന് റബർബോർഡ് വിലയേക്കാളും നാല് രൂപ താഴെ. അന്താരാഷ്ട്രവിലയ്ക്ക് ആർഎസ്എസ് 4 ഗുണമേന്മയുള്ള റബർ ഇറക്കുമതിചെയ്യുന്നുവെന്നവകാശപ്പെടുന്ന വ്യവസായികൾക്ക് ചരക്ക് കടത്തുകൂലിയും ബാങ്കുചാർജും നിലവിലുള്ള ഇറക്കുമതിച്ചുങ്കമായ 25 ശതമാനവുമുൾപ്പെടെ ഒരുകിലോ റബർ വെയർഹൗസിലെത്തുമ്പോൾ 180 രൂപയോളമാകുമെന്നിരിക്കെ ആഭ്യന്തരവിലയുയർത്താതെ വിപണിയെ തകർക്കാനുള്ള വ്യവസായികളുടെ ഗൂഢാലോചനകൾക്ക് റബർബോർഡും കേന്ദ്രസർക്കാരും ഒത്താശചെയ്യുകയാണ്.

വിലയിടിവും മഴക്കാലവും മൂലം ടാപ്പിംഗ് നിർത്തിവെച്ചിട്ടും ഉല്പാദനം വർദ്ധിച്ചുവെന്ന റബർബോർഡ് കണക്കുകൾ കർഷകർക്ക് മുഖവിലയ്ക്കെടുക്കാനാവില്ല. വിലയിടിവുമൂലം ലാറ്റക്സ് മേഖലയിലുണ്ടായിരിക്കുന്ന പ്രതിസന്ധിയെ അധികാരികൾ നിസാരവൽക്കരിച്ചിരിക്കുന്നത് കുറ്റകരമായ അനാസ്ഥയാണ്. മലേഷ്യ ഉൾപ്പെടെ ആസിയാൻ രാജ്യങ്ങളിൽ നിന്ന് നികുതിരഹിത ഉല്പന്ന ഇറക്കുമതിക്ക് കേന്ദ്രസർക്കാർ അനുമതി നൽകിയിരിക്കുമ്പോൾ റബറുൾപ്പെടെ കാർഷികമേഖലയിൽ വൻതകർച്ച ഭാവിയിലുണ്ടാകുമെന്നും ഇൻഫാം ദേശീയസമിതി പറഞ്ഞു.

## നികുതിരഹിത ഇറക്കുമതി കാർഷികമേഖലയെ തകർക്കും

കാഞ്ഞിരപ്പള്ളി: ആസിയാൻ സ്വതന്ത്ര വ്യാപാരക്കരാറിന്റെയും കേന്ദ്രസർക്കാർ 2016 അവസാനത്തോടെ കരാറിലാകുന്ന റീജിയണൽ സംയോജിത സാമ്പത്തിക പങ്കാളിത്ത ഉടമ്പടിയുടെയും വിവിധ രാജ്യങ്ങളുമായുള്ള ഉഭയകക്ഷി ഉടമ്പടികളുടെയും പശ്ചാത്തലത്തിൽ നികുതിരഹിത അഥവാ സീറോ താരിഫ് ഇറക്കുമതി കേന്ദ്രസർക്കാർ അംഗീകരിച്ചാൽ കാർഷികമേഖലയ്ക്ക് വൻ പ്രഹരമേല്പ്പിക്കുമെന്ന് ഇൻഫാം ദേശീയ സമിതി.

വിവിധ രാജ്യാന്തര ഉടമ്പടികളുടെ പേരിൽ ഇറക്കുമതിത്തീരുവ എടുത്തുകളയുവാനുള്ള കേന്ദ്രസർക്കാർ നീക്കം പ്രതിഷേധാർഹമാണ്. 25ശതമാനം ഇറക്കുമതിച്ചുങ്കം ഏർപ്പെടുത്തിയിട്ടും റബർ വിപണി തകർച്ചയിലാണ്. അഡ്വാൻസ് ഓതറൈസേഷൻ സ്കീമിലൂടെ നികുതിരഹിത റബർ ഇറക്കുമതിയാണ് ഇപ്പോൾ തുടരുന്നത്. റബർ ഉല്പന്നമാക്കിയുള്ള കയറ്റുമതി ഈ സ്കീമിലൂടെ ഫലപ്രദമായി നടക്കുന്നില്ല. ഇന്ത്യയിലെ വൻകിട റബർ വ്യവസായികൾക്ക് വിദേശരാജ്യങ്ങളിൽ റബർകൃഷി ഇതിനോടകം വ്യാപകമായിട്ടുണ്ട്. സ്വന്തം പ്രകൃതിദത്ത റബറാണ് പല വ്യവസായികളും ചുങ്കമില്ലാതെ ഇന്ത്യയിലേയ്ക്ക് ഇറക്കുമതി ചെയ്യുന്നത്. കൂടാതെ ആസിയാൻ സ്വതന്ത്ര്യവ്യാപാരകരാറുപ്രകാരം നികുതിരഹിത ഇറക്കുമതി റബറുൾപ്പെടെ വിവിധ ഉല്പന്നങ്ങൾക്ക് കേന്ദ്രസർക്കാർ അനുവാദം നൽകിയിരിക്കുന്നത് വരും നാളുകളിൽ വൻ പ്രതിസന്ധി സൃഷ്ടിക്കുമെന്ന് ഇൻഫാം സൂചിപ്പിച്ചു.

# അഭയം തേടിയെത്തിയവന് ആശ്രയം നൽകിയ വൈദികനെ അഭയാർത്ഥി കുത്തിമലർത്തി; ഭീകരതയുടെ  കൊടും ക്രൂരത



ക്രൈസ്തവർക്കെതിരെയുള്ള ഭീകരതാണ്ഡവങ്ങൾ ആവർത്തിക്കുകയാണ്. കൊലപാതകം, തട്ടിക്കൊണ്ടുപോകൽ പരമ്പരകൾ തുടരുമ്പോൾ ഭീതിവിതച്ച് മറ്റൊരു കൊലപാതകവും കൂടി റിപ്പോർട്ടു ചെയ്യപ്പെടുന്നു. ബെൽജിയത്തിലെ ലനാകെനിൽ ഫാദർ ജോസ് വാൻഡെർലി എന്ന 65 കാരനായ വൈദികൻ അഭയാർത്ഥിയുടെ കുത്തേറ്റ് മരിച്ചു. പള്ളിമേടയിലെത്തിയ അഭയാർത്ഥി വൈദികനോട് കുളിക്കാൻ അനുവാദം ചോദിച്ചപ്പോൾ അദ്ദേഹം അതിന് സമ്മതിക്കുകയാരുന്നു. തുടർന്ന് നെതർലാൻഡ്സിലേയ്ക്കു പോകുന്നതിനുള്ള വണ്ടിക്കൂലി വേണമെന്ന് പുരോഹിതനോട് ആവശ്യപ്പെട്ടപ്പോൾ അദ്ദേഹം അതു കൊടുക്കാൻ തയ്യാറാവാത്തതിൽ കുപിതനായ അഭയാർത്ഥി അദ്ദേഹത്തെ കുത്തിക്കൊല്ലുകയായിരുന്നുവെന്നാണ് റിപ്പോർട്ട്. തുടർന്ന് അക്രമി സംഭവസ്ഥലത്തുനിന്നും ഓടി രക്ഷപെടുകയും ചെയ്തു. പള്ളിമേടയുടെ വാതിലിൽ മുട്ടിവിളിച്ചായിരുന്നു അഭയാർത്ഥി കുളിക്കാൻ അനുവാദം ചോദിച്ചത്. കുത്തേറ്റ വൈദികനെ ഉടൻ ആശുപത്രിയിലെത്തിച്ചെങ്കിലും രക്ഷിക്കാനായില്ല. താൻ പുരോഹിതപദവിയിലെത്തിയതിന്റെ നാൽപ്പതാം വാർഷികാഘോഷങ്ങൾ ഈ മാസം ആദ്യമായിരുന്നു അദ്ദേഹം നടത്തിയിരുന്നത്. സംഭവത്തെക്കുറിച്ച് ബൽജിയം അധികൃതർ അന്വേഷണം ആരംഭിച്ചിട്ടുണ്ട്. എന്നാൽ ഇതിനെ ഭീകരവാദവുമായി ബന്ധപ്പെടുത്തുവാൻ ഇപ്പോൾ സാധിക്കില്ലെന്ന് അധികൃതർ പറഞ്ഞു.

# ഫ്രാൻസിലെ ദേവാലയത്തിൽ ദിവ്യബലി അർപ്പിക്കുന്നതിനിടെ ഭീകരർ വൈദികനെ കഴുത്തറത്തു കൊന്നു

പാരീസ്: വടക്കൻ ഫ്രാൻസിലെ ദേവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചുകൊണ്ടിരുന്ന കത്തോലിക്കാ വൈദികനെ ഭീകരർ കഴുത്തറത്തു കൊലപ്പെടുത്തി. പാരീസിൽ നിന്നു 128 കിലോമീറ്റർ അകലെ റുവൻ നഗരത്തിലെ സാൻ എറ്റ്യൻ ഡു റൂവ്റ ദേവാലയത്തിൽ രാവിലെ ദിവ്യബലി നടക്കുമ്പോൾ അതിക്രമിച്ചു കയറിയ രണ്ടു ഭീകരർ ദേവാലയത്തിലുണ്ടായിരുന്നവരെ ബന്ദികളാക്കിയശേഷം എൺപത്തിയാറുകാരനായ ഫാ. ഷാക് ഹാമലിനെ കഴുത്തറുത്തു കൊലപ്പെടുത്തുകയായിരുന്നു.

ഒരു ബന്ദിക്കു ഗുരുതരമായി മുറിവേറ്റു. രണ്ടു ഭീകരരെയും പോലീസ് പിന്നീട് വെടിവച്ചുകൊന്നു. ഇവർ ഐഎസ് ഭീകരരാണെന്നു ഫ്രഞ്ച് പ്രസിഡന്റ് ഫ്രാൻസ്വാ ഒളാന്ദ് സ്ഥിരീകരിച്ചു.



ബന്ദികളെ മോചിപ്പിക്കുന്നതിന് പോലീസ് നടത്തിയ ശ്രമത്തിനിടെ രണ്ടു ഭീകരർക്കും വെടിയേൽക്കുകയായിരുന്നു. മുറിവേറ്റ ബന്ദിയുടെ നില അതീവ ഗുരുതരമാണെന്നു വാർത്താ ഏജൻസികൾ റിപ്പോർട്ടു ചെയ്തു.

വിശുദ്ധ കുർബാനയ്ക്കിടെ ദേവാലയത്തിലേക്കു കടന്നുകയറിയ ഭീകരർ അഞ്ചു പേരെയാണു തടവുകാരായി പിടിച്ചത്. ഇവരിൽ രണ്ടു പേർ കന്യാസ്ത്രീകളാണ്. വധിക്കുന്നതിനു മുമ്പ് ഫാ. ഹാമലിനെ ഭീകരർ മുട്ടുകുത്തിച്ചു നിർത്തിയെന്നു രക്ഷപ്പെട്ട കന്യാസ്ത്രി ഡാനിയേൽ പറഞ്ഞു. ഭീകരർ വധം കാമറയിൽ പകർത്തുകയും ചെയ്തു. വധവുമായി ബന്ധപ്പെട്ട് ഒരാളെ ഫ്രഞ്ച് പോലീസ് അറസ്റ്റ് ചെയ്തു.

ഐഎസ് പോരാളികളാണു ഫ്രാൻസിലെ ആക്രമണം നടത്തിയതെന്ന് ഐഎസിന്റെ വാർത്താ ഏജൻസി അമാക് കയ്റോയിൽ ഇറക്കിയ പ്രസ്താവനയിൽ അവകാശപ്പെട്ടു. കുരിശുയുദ്ധ സഖ്യത്തിലുള്ളവരെ വധിക്കാനുള്ള ആഹ്വാനമാണ് പോരാളികൾ അനുസരിച്ചതെന്നും ഏജൻസി പറഞ്ഞു. സംഭവത്തെത്തുടർന്നു ഫ്രാൻ സിൽ ജാഗ്രതാ നിർദേശം പുറപ്പെടുവിച്ചു.

# ഐഎസ് ഭീകരതയ്ക്കെതിരെ മുസ്ലീങ്ങൾ രംഗത്ത്; കൊല്ലപ്പെട്ട ഫാ.ജാക്യൂസ് ഹാമലിനുവേണ്ടിയുള്ള അനുസ്മരണബലിയിൽ പങ്കെടുത്ത് അനേകം മുസ്ലീങ്ങൾ; സംരക്ഷിക്കാനാരുമില്ലാത്ത അവസ്ഥയിൽ നെഞ്ചുരുകി ക്രൈസ്തവർ



ഫ്രഞ്ച് കത്തോലിക്കാ പുരോഹിതനായ ജാക്യൂസ് ഹാമലിനെ നോർമാഡിയിലുള്ള സെയിന്റ് എറ്റിന്നെ ഡു റൗവറിയിലെ ചർച്ചിന്റെ അൾത്താരയിൽ കയറി രണ്ട് ഐഎസ് ഭീകരർ കഴുത്തറുത്തുകൊന്നതിൽ ശക്തമായ എതിർപ്പാണ് ഫ്രാൻസിലെയും ഇറ്റലിയിലെയും ഭൂരിഭാഗം മുസ്ലീങ്ങൾക്കുമുള്ളത്. അദ്ദേഹത്തിനുവേണ്ടിയുള്ള അനുസ്മരണബലിയിൽ പങ്കെടുക്കാൻ ഇരു രാജ്യങ്ങളിലെയും നിരവധി ചർച്ചുകളിൽ അനേകം മുസ്ലീങ്ങൾ എത്തിയത് ശ്രദ്ധേയമായി. വൈദികൻ കൊല്ലപ്പെട്ട സെയിന്റ് എറ്റിന്നെ ഡു റൗവറിക്കടുത്തുള്ള റൗയെനിലെ ഗോത്തിക് കത്തീഡ്രലിൽ നിരവധി മുസ്ലീങ്ങൾ പ്രാർത്ഥനയ്ക്കായെത്തിയിരുന്നു. തങ്ങൾ ഇവിടെ മുസ്ലീം സമൂഹവുമായി വളരെ അടുത്ത ബന്ധമാണ് പുലർത്തുന്നതെന്നും കൊല്ലപ്പെട്ട പുരോഹിതനുവേണ്ടിയുള്ള പ്രാർത്ഥനയിൽ പങ്കെടുക്കാൻ മുസ്ലീങ്ങൾ ഇവിടെയെത്തിയത് ധീരമായ പ്രവൃത്തിയാണെന്നുമാണ് റൗയെൻ ആർച്ച്ബിഷപ്പായ ഡൊമിനിക് ലെബ്രൂൻ പ്രാർത്ഥനയ്ക്കുശേഷം പ്രതികരിച്ചത്.

## ക്രിസ്തുമതം ഉപേക്ഷിക്കാൻ വിസമ്മതിച്ചതിന് യുവാവിന്റെ കൈകൾ മുറിച്ചുമാറ്റി; ട്രയിനപകടമെന്ന് പോലീസ്



ലാഹോർ: മതം മാറാൻ വിസമ്മതിച്ചതിന് പാക്കിസ്ഥാനിൽ ക്രിസ്ത്യൻ യുവാവിന്റെ കൈകൾ വെട്ടിമാറ്റി. ലാഹോറിലെ പേട്രോൾ പമ്പ് ജീവനക്കാരൻ അകീൽ മാസിയാണ് ആക്രമണത്തിന് ഇരയായത്. എന്നാൽ ഈ വാദം പോലീസ് അംഗീകരിക്കുന്നില്ല. ഇത് വിവാദത്തിന് പുതിയ തലം നൽകുകയാണ്. പെട്രോൾ പമ്പിൽ നിന്നാണ് മതതീവ്രവാദികൾ ഇയാളെ തട്ടിക്കൊണ്ടു പോയത്. തുടർന്ന് ഇസ്ലാംമതം സ്വീകരിക്കണമെന്നാവശ്യപ്പെട്ട് മർദ്ദിക്കുകയായിരുന്നു. സമ്മർദ്ദത്തിനു വഴങ്ങാത്തതിനു ശിക്ഷയായി കൈകൾ വെട്ടിമാറ്റി. തീവ്രവാദികൾക്കെതിരെ ഗാലിബ് മാർക്കറ്റ് പോലീസ് സ്റ്റേഷനിൽ അകീൽ പരാതി നൽകിയിട്ടുണ്ട്. സംഭവവുമായി ബന്ധപ്പെട്ട് മൂന്നുപേരെ പോലീസ് കസ്റ്റഡിയിലെടുത്തു. എന്നാൽ ട്രയിൻ അപകടത്തിലാണ് അകീലിന് കൈകൾ നഷ്ടപ്പെട്ടതെന്നു കരുതുന്നതായി പോലീസ് ഓഫീസർ അമ്മാരാ അക്തർ അറിയിച്ചു.

സംഭവത്തിൽ പോലീസിനു പരാതി നൽകിയിട്ടുണ്ട്. പാക്കിസ്ഥാനിലെ ക്രൈസ്തവസംഘടനകളും പ്രതിഷേധവുമായി രംഗത്തുണ്ട്. അല്ലാഹുവിനെ ദൈവമായി കണക്കാക്കാത്തതുകൊണ്ടാണ് കൈവെട്ടിയതെന്നാണ് അവർ പറയുന്നത്. എല്ലാ മതങ്ങളെയും സഹിഷ്ണുതയോടെ കാണണമെന്ന നബി വചനം ഉയർത്തിക്കാട്ടിയിട്ടും അക്രമികൾ അകീൽ മാസിയെ വെറുതെ വിട്ടില്ല. ഇത് മതഭീകരതയുടെ തെളിവായി ക്രൈസ്തവസംഘടനകൾ പറയുന്നു. എന്നാൽ പറയുന്നതൊന്നും വിശ്വസനീയമല്ലെന്ന് പോലീസ് പറയുന്നു. മൂന്നുപേരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും സൂചനയുണ്ട്.

മദ്യത്തിനും മയക്കുമരുന്നിനും അടിമയാണ് അകീൽ എന്നും പോലീസ് വിശദീകരിക്കുന്നു. ലഹരിക്ക് അടിമപ്പെട്ട് ട്രയിനിനടിയിൽപ്പെട്ടാകാം അപകടമെന്നാണ് പോലീസ് വിലയിരുത്തൽ.

## സീറോ മലബാർ സഭയ്ക്കു 32 രൂപതകൾ, 59 മെത്രാന്മാർ

കൊച്ചി: ലോകമെമ്പാടും അമ്പതുലക്ഷത്തോളം വിശ്വാസികളുള്ള സീറോ മലബാർ സഭയ്ക്ക്, ഗ്രേറ്റ് ബ്രിട്ടനിലെ പ്രസ്റ്റൺ ആസ്ഥാനമായി പുതിയ രൂപത നിലവിൽ വന്നതോടെ, ആകെ രൂപതകളുടെ എണ്ണം 32 ആയി ഉയർന്നു. പുതിയ രണ്ടു മെത്രാന്മാർ നിയുക്തരായതോടെ സഭയിലെ മെത്രാന്മാരുടെ എണ്ണം 59 ആയി. കാനഡയിൽ മിസിസാഗ ആസ്ഥാനമായി സഭയ്ക്ക് എക്സാർക്കേറ്റുണ്ട്. ഇന്ത്യയിലും ന്യൂസിലാൻഡിലും യൂറോപ്പിലും ഇപ്പോൾ സഭയ്ക്ക് അപ്പസ്തോലിക് വിസിറ്റേറ്റർമാരുമുണ്ട്. ഇന്ത്യക്കുള്ളിൽ 29 രൂപതകളാണു സഭയ്ക്കുള്ളത്.

## അടുത്ത ലക്ഷ്യം റഷ്യ; ഐഎസ് വീഡിയോ പുറത്തുവിട്ടു



മോസ്കോ: റഷ്യയെ ആക്രമിക്കാൻ ഭീകര സംഘടനയായ ഇസ്ലാമിക് സ്റ്റേറ്റ് ഒരുങ്ങുന്നു. തങ്ങളുടെ അടുത്ത ലക്ഷ്യം റഷ്യയാണെന്ന് വ്യക്തമാക്കി ഐഎസ് വീഡിയോ പുറത്തുവിട്ടു. ഒമ്പതു മിനിറ്റുള്ള യൂടൂബ് വീഡിയോ സന്ദേശം ഞായറാഴ്ചയാണ് ഐഎസ് പുറത്തുവിട്ടത്. റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനോട് കരുതിയിരിക്കാൻ ആവശ്യപ്പെട്ട് തുടങ്ങുന്ന വീഡിയോയിൽ റഷ്യയെ ആക്രമിക്കാൻ ഇസ്ലാമിക് സ്റ്റേറ്റ് ഒരുങ്ങിക്കഴിഞ്ഞെന്ന് വ്യക്തമാക്കുന്നു. ആക്രമണത്തിന് ഒരുങ്ങിയിരിക്കാൻ റഷ്യയിലുള്ള അനുഭാവികളോട് ഇസ്ലാമിക് സ്റ്റേറ്റ് ആഹ്വാനം ചെയ്യുന്നുണ്ട്. ഭീകരസംഘടനയുടെ ടെലിഗ്രാം അക്കൗണ്ടിൽ നിന്നാണ് വീഡിയോ പോസ്റ്റ് ചെയ്തിരിക്കുന്നത്. എന്നാൽ വീഡിയോ എവിടെ വെച്ചാണ് ചിത്രീകരിച്ചതെന്ന് വ്യക്തമാക്കിയിട്ടില്ല.

## ഗൾഫ് രാജ്യങ്ങളിൽ നിന്നുള്ള സീറോ മലബാർ സഭാ പ്രതിനിധിസംഘം റോം സന്ദർശിച്ചു





സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയുടെ ആരാധനക്രമവും മതബോധനവും അറേബ്യൻ ഗൾഫ് പ്രദേശത്തുള്ള ആറു രാജ്യങ്ങളിലായി നിവസിക്കുന്ന നാലു ലക്ഷത്തിലധികം സീറോ മലബാർ സഭാംഗങ്ങൾക്കു ലഭ്യമാക്കണം എന്ന് ആവശ്യപ്പെടുന്ന നിവേദനവുമായി ജൂൺമാസം ഗൾഫ് രാജ്യങ്ങളിൽ നിന്ന് 10 അംഗങ്ങളുള്ള ഒരു പ്രതിനിധിസംഘം റോമിലേയ്ക്ക് സന്ദർശനം നടത്തി. പൗരസ്ത്യ തിരുസംഘത്തിന്റെ തലവൻ കർദിനാൾ ലിയനാർഡോ സാന്ദ്രിയുമായും വിശ്വാസ പ്രഘോഷണത്തിനുള്ള തിരുസംഘത്തിന്റെ തലവൻ കർദിനാൾ ഫെർണാണ്ടോ ഫെലോനിയുമായും പ്രതിനിധി സംഘം ചർച്ചകൾ നടത്തുകയുണ്ടായി. പ്രതിനിധിസംഘത്തിലെ അംഗമായിരുന്ന ഷെവലിയർ ഡോ.മോഹൻ തോമസ് പരിശുദ്ധ പിതാവിനെ നേരിൽ കണ്ട് നിവേദനം സമർപ്പിച്ചു. കൂടിക്കാഴ്ചകളിൽ ഫരീദാബാദ് രൂപാതാധ്യക്ഷൻ മാർ കുര്യാക്കോസ് ഭരണിക്കുളങ്ങര പിതാവും സന്നിഹിതനായിരുന്നു.

# സ്പിരിറ്റ് ഇൻ ജീസസ്

## കെസിബിസിയുടെ വിലയിരുത്തലും മുന്നറിയിപ്പും

മരിച്ച നീതിമാന്മാരുടെ സ്ഥിതി ജീവനോ സന്തോഷമോ ദൈവസ്തുതിപ്പോ ഇല്ലാത്ത ഇരുട്ടറയിൽ (സങ്കീ 88:5-12) അല്ല, പ്രത്യുത ഭൂമിയിൽ നന്മ പ്രവർത്തിച്ചവർ 'അബ്രഹാമിന്റെ മടിത്തട്ടിൽ വിശ്രമിക്കുന്നു' എന്ന ആശയത്തിലേക്ക് പുതിയനിയമകാലത്ത് വളർച്ച ഉണ്ടായി (ലൂക്കാ 16:22-23). നിത്യനരകത്തെ സൂചിപ്പിക്കുവാൻ 'ഗേഹന്നാ' എന്ന പദമാണ് ഉപയോഗിച്ചിരുന്നത് (സീയോന്റെ തെക്കുപടിഞ്ഞാറു ഭാഗത്തുള്ള അഗാധമായ ഒരു താഴ്‌വരയാണ് 'ഗഹിന്നോം'). യേശു പാതാളത്തിൽ ഇറങ്ങി എന്ന പ്രയോഗം കൊണ്ട് നാം അർത്ഥമാക്കേണ്ടത് യേശു യഥാർത്ഥത്തിൽ മരിച്ചുവെന്നാണ്, അല്ലാതെ യേശു നരകം സന്ദർശിച്ചുവെന്നല്ല.

### 4. നരകത്തിൽ സുവിശേഷഘോഷണമോ?

1 പത്രോ 3:18-20-നെ അധികരിച്ചാണ് യേശുമരണശേഷം ആത്മാവിൽ പാതാളത്തിലേക്കിറങ്ങിയെന്നും മരിച്ചവരോട് സുവിശേഷം അറിയിച്ച് ബന്ധിതരായിരുന്ന ആത്മാക്കളെ മോചിപ്പിച്ചെന്നും അതിനാൽ മരണശേഷവും മാനസാന്തരത്തിന് സാധ്യതയുണ്ടെന്നും സ്പിരിറ്റ് ഇൻ ജീസസ് വാദിക്കുന്നത്. 'ആത്മാവോടുകൂടെ ചെന്ന് അവൻ ബന്ധനസ്ഥരായ ആത്മാക്കളോട് സുവിശേഷം പ്രസംഗിച്ചു. അവരാകട്ടെ നോഹിന്റെ കാലത്ത് പെട്ടകം പണിയപ്പെട്ടപ്പോൾ ക്ഷമാപൂർവ്വം കാത്തിരുന്ന ദൈവത്തെ അനുസരിക്കാത്തവരായിരുന്നു.' വീണ്ടും 1 പത്രോ 4:6 -ൽ ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: 'എന്തെന്നാൽ, ശരീരത്തിൽ മനുഷ്യരെപ്പോലെ വിധിക്കപ്പെട്ടെങ്കിലും ആത്മാവിൽ ദൈവത്തെപ്പോലെ ജീവിക്കുന്നതിനുവേണ്ടിയാണ് മരിച്ചവരോടുപോലും സുവിശേഷം പ്രസംഗിക്കപ്പെട്ടത്. 'ഈ വാക്യങ്ങൾ വേദവ്യാഖ്യാതാക്കൾക്കിടയിൽ വലിയ സംവാദങ്ങൾക്കു വഴിതെളിച്ചിട്ടുണ്ട്. സമീപകാലത്ത് വി.ജോ പോൾ രണ്ടാമൻ മാർപ്പാപ്പ ഈ വാക്യങ്ങൾ സംബന്ധിച്ചു നല്കിയ വിശദീകരണം താഴെ കൊടുക്കുന്നു:

(i) 'യേശു പാതാളത്തിലിറങ്ങി' എന്ന പ്രഖ്യാപനത്തിൽ അവൻ യഥാർത്ഥത്തിൽ മരിച്ചു എന്ന വിശ്വാസസത്യമാണ് പ്രഖ്യാപനം ചെയ്യുന്നത്. യേശു മരിച്ച് അടക്കപ്പെട്ടു എന്നത് യേശുവിന്റെ പൂർണ്ണ മനുഷ്യസ്വഭാവത്തെ വിശദമാക്കുന്നു; (ii) യേശുവിന്റെ കുരിശിലെ ബലിയിലൂടെ ലഭിച്ച വരപ്രസാദം യേശുവിന്റെ മരണത്തിനു മുമ്പ് മരണമടഞ്ഞ സകല നീതിമാന്മാർക്കും നീതിമതികൾക്കും ലഭിച്ചുവെന്നതിന്റെ പ്രതീകാത്മകമായ ആഖ്യാനമാണ് ഈ പ്രഖ്യാപനം; (iii) യേശു മരണശേഷം നിത്യശിക്ഷയുടെ സ്ഥലമായ നരകം സന്ദർശിക്കുകയോ, അവിടെ അകപ്പെട്ടുപോയ ആത്മാക്കളെ രക്ഷിക്കുകയോ ചെയ്തിട്ടില്ല (General Audience, 1989 Jan 11).

യേശു നരകം സന്ദർശിച്ചെന്നും നരകവാസികളെ രക്ഷിച്ചുവെന്നുമുള്ളത് കത്തോലിക്കാവിശ്വാസികൾക്ക് സ്വീകാര്യമല്ല. സഭാപാരമ്പര്യത്തിൽ യേശുവിന്റെ പാതാളത്തിലെ സുവിശേഷപ്രഘോഷണം ഉയർപ്പിന്റെ പ്രഖ്യാപനമായിട്ടാണ് മനസ്സിലാക്കിയിട്ടുള്ളത്. ആ പ്രഖ്യാപനം ആദാമും ഹവ്വായും മുതൽ നിദ്രയടഞ്ഞിട്ടുള്ള എല്ലാ നീതിമാന്മാരെയും അവരുടെ നിദ്രയിൽ നിന്നുണർത്തി, യേശുവിന്റെ മരണത്തിന്റെയും ഉയിർപ്പിന്റെയും യോഗ്യതകളിൽ അവരെ പങ്കുകാരാക്കി. ഫിലി 2:9-11-ൽ നാം വായിക്കുന്നു: 'ആകയാൽ ദൈവം അവനെ അത്യധികം ഉയർത്തി. എല്ലാ നാമങ്ങൾക്കും ഉപരിയായ നാമം നല്കുകയും ചെയ്തു. അത് യേശുവിന്റെ നാമത്തിനു മുമ്പിൽ സ്വർഗ്ഗത്തിലും ഭൂമിയിലും പാതാളത്തിലുമുള്ള സകലരും മുട്ടുമടക്കുന്നതിനും യേശുക്രിസ്തു കർത്താവാണെന്ന് പിതാവായ ദൈവത്തിന്റെ മഹത്ത്വത്തിനായി എല്ലാ നാവുകളും ഏറ്റുപറയുന്നതിനും വേണ്ടിയാണ്.'

പൗരസ്ത്യ സഭകളിൽ പ്രചാരത്തിലുള്ള യേശുവിന്റെ പാതാളസന്ദർശനം ചിത്രീകരിച്ചിരിക്കുന്ന ഐക്കണിന്റെ പേര് 'Harrowing of Hades' (പാതാളത്തിന്റെ ഉഴുതുമറിക്കൽ) എന്നാണ്. ഇങ്ങനെ വി. ഗ്രന്ഥവും പാരമ്പര്യവും തറപ്പിച്ചു പറയുന്നുണ്ട്, യേശുവിന്റെ പാതാളസന്ദർശനം പാപത്തിന്റെയും മരണത്തിന്റെയും മേലുള്ള ദൈവികനീതിയുടെ ആത്യന്തിക വിജയവും നീതിമാൻമാർക്ക് ഉയിർപ്പും നിത്യജീവനും ഉറപ്പാക്കിയ സംഭവവുമാണെന്ന്. ഇതാണ് പാതാളത്തിലെ സുവിശേഷഘോഷണം എന്ന പ്രയോഗത്തിന്റെ പൊരുൾ.

### 5. പൂർവ്വപിതാക്കളുടെ പാപഫലം പിൻതലമുറയിലേക്ക്

നിത്യരക്ഷ കിട്ടാതെ യാതനയനുഭവിക്കുന്ന പൂർവ്വപിതാക്കളുടെ പാപഫലം അനന്തരതലമുറകളിലേക്ക് ശാപമായി ഒഴുകിയെത്തുന്നെന്നും അതിനാൽ അവർക്ക് ശാപമോക്ഷം ലഭിക്കാതെ ചില കുടുംബങ്ങളിലെ കഷ്ടനഷ്ടങ്ങളും മാറാരോഗങ്ങളും വിട്ടുമാറുകയില്ലെന്നും സ്പിരിറ്റ് ഇൻ ജീസസ് പഠിപ്പിക്കുന്നു. പഴയനിയമത്തിലെ ചില മര്യാദകൾ തെറ്റായി വ്യഖ്യാനിക്കുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. ഈ കാഴ്ചപ്പാട് എസക്കിയേൽ ദീർഘദർശിതന്നെ തിരുത്തിയിട്ടുണ്ട്: 'പിതാക്കന്മാർ പുളിക്കുന്ന മുന്തിരിങ്ങ തിന്നു; മക്കളുടെ പല്ലു പുളിച്ചു എന്ന് ഇസ്രായേൽ ജനത്തെക്കുറിച്ചുള്ള പഴമൊഴി നിങ്ങൾ ഇപ്പോഴും ആവർത്തിക്കുന്നതെന്തിന്?' (എസെ 18:1-2). ദൈവത്തിന്റെ തിരുത്തൽ ഇപ്രകാരമായിരുന്നു: 'പുത്രൻ പിതാവിന്റെ തിന്മകൾക്കുവേണ്ടിയോ പിതാവ് പുത്രന്റെ തിന്മകൾക്കു വേണ്ടിയോ ശിക്ഷിക്കപ്പെടുകയില്ല. നീതിമാൻ നീതിമാന്റെ പ്രതിഫലവും ദുഷ്ടൻ തന്റെ ദുഷ്ടതയുടെ ഫലവും അനുഭവിക്കും' (എസെ 1:20). വീണ്ടും, 'ഇസ്രായേൽ ഭവനമേ, ഓരോരുത്തരെയും താന്താങ്ങളുടെ പ്രവൃത്തിക്കനുസൃതമായി ഞാൻ വിധിക്കും' (എസെ 1:30) എന്നും പറഞ്ഞിരിക്കുന്നു.

പുതിയനിയമത്തിലും ഇതേ സത്യമാണ് യേശു പ്രഖ്യാപിച്ചത്: 'മനുഷ്യപുത്രൻ സ്വപിതാവിന്റെ മഹത്ത്വത്തിൽ തന്റെ ദൂതന്മാരോടൊത്ത് വരാനിരിക്കുന്നു. അപ്പോൾ അവൻ ഒരോരുത്തർക്കും താന്താങ്ങളുടെ പ്രവൃത്തിക്കനുസരിച്ച് പ്രതിഫലം നൽകും'(മത്താ 16:27; റോമാ 2:6). വെളിപാടുപുസ്തകം ഒരു വാഗ്ദാനത്തിലാണ് സമാപിക്കുന്നത്: 'ഇതാ ഞാൻ വേഗം വരുന്നു. എന്റെ സമ്മാനവും ഞാൻ കൊണ്ടുവരുന്നുണ്ട്. ഓരോരുത്തർക്കും സ്വന്തപ്രവൃത്തികൾക്കനുസൃതം പ്രതിഫലം നല്കാനാണ് ഞാൻ വരുന്നത്'(വെളി 22:12).
യേശുക്രിസ്തു പാപത്തിൽ നിന്നും (2 കോറി 5:21) ശാപത്തിൽ നിന്നും (ഗലാ 3,13) നമ്മെ മോചിപ്പിച്ചിരിക്കുന്നതിനാൽ പൂർവികരുടെ പാപവും ശാപവും നമുക്കു പ്രസക്തമല്ല. പൂർവപിതാക്കളുടെ പാപം പിൻതലമുറകളിലേക്കു പടരുന്നെന്നും ശാപമായി തുടരുന്നെന്നും പഠിപ്പിക്കുന്നത് ക്രിസ്തുവിന്റെ രക്ഷാകരകർമത്തെ തള്ളിപ്പറയുന്നതിനു തുല്യമാണ്. അതിനാൽ, യേശുവിന്റെ രക്തത്താൽ കഴുകി വെടിപ്പാക്കപ്പെട്ടവരെ പൂർവ്വപിതാക്കന്മാരുടെ ചെയ്തികൾ ബാധിക്കില്ല.

*(തുടരും)*




Dr. P.M. Chacko Palakunnel
Mobile: 9746085144



# കുടുംബം തകർത്ത സംശയരോഗം

ജെയിംസ് ആരോഗ്യമുള്ള ചെറുപ്പക്കാരനാണ്. ഗൾഫിൽ നല്ലൊരു ജോലിയുണ്ടെന്നു പറഞ്ഞാണ് ബി.എസ്.സി.നേഴ്സായ ജീനയെ വിവാഹം കഴിച്ചത്. എഞ്ചിനീയറാണെന്നും നല്ലൊരു കമ്പനിയിൽ ജോലിയുണ്ടെന്നുമാണ് പറഞ്ഞിരുന്നത്. യഥാർത്ഥത്തിൽ ചെറിയ ഒരു ഡിപ്ലോമ മാത്രം ഉണ്ടായിരുന്ന അയാൾ ഒരു സൂപ്പർമാർക്കറ്റിലെ സെയിൽസ്മാനായിരുന്നു. തുച്ഛമായ വരുമാനമേ അയാൾക്കുണ്ടായിരുന്നുള്ളൂ. വിവാഹം കഴിച്ച് വിദേശത്ത് വന്നപ്പോൾ ഭർത്താവിന്റെ യഥാർത്ഥ അവസ്ഥ അവൾ മനസിലാക്കിയെങ്കിലും പരാതിയൊന്നും പറയുകയോ പുറത്തുകാണിക്കുകയോ ചെയ്തില്ല. മിനിസ്ട്രിയുടെ പരീക്ഷ പാസായി അവൾ ജോലിനേടി. ഇതിനിടെ അവൾക്ക് ധാരാളം സുഹൃത്തുക്കളും ഉണ്ടായി. ജോലി കിട്ടുന്നതിനുമുമ്പ് പുറത്തുപോകാനോ സുഹൃത്തുക്കളുമായി സമയം ചിലവഴിക്കാനോ പോകാതിരുന്നത് സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ടായിരിക്കാം എന്നവൾ കരുതി. പണമുണ്ടായിക്കഴിഞ്ഞപ്പോൾ അവൾ എന്തെങ്കിലും ആവശ്യം പറഞ്ഞാൽ ഞാൻ വാങ്ങിത്തരാം നീ വരേണ്ട എന്നു പറയും. ഒരിക്കൽ കൂട്ടുകാരിയുടെ വീട്ടിൽ പോയപ്പോൾ അവളുടെ ഭർത്താവുമായി ജീന കൂടുതൽ സംസാരിച്ചെന്നും അയാളുടെയൊപ്പം സോഫയിൽ ഇരുന്നുവെന്നും പറഞ്ഞ് വഴക്കുണ്ടാക്കി. ജീനയുടെ കൂട്ടുകാർ വീട്ടിലേയ്ക്കുവരുന്നുവെന്നു പറഞ്ഞാൽ അവർ ന്യൂസ്പിടിക്കാൻ വരുന്നതാണ്, നമ്മുടെ വീട്ടുകാര്യങ്ങളൊക്കെ കണ്ടുംകേട്ടും മനസിലാക്കിയിട്ട് നമ്മളെ ഉപദ്രവിക്കാനാണ് വരുന്നതെന്ന് പറഞ്ഞ് കഴിവതും കൂട്ടുകാരികളെ വീട്ടിൽ കൊണ്ടുവരാതിരിക്കാൻ അയാൾ ഫോൺ ചാടിയെടുക്കും. ആരാണെന്ന് ചോദിച്ച് കൃത്യത വരുത്തിയതിനുശേഷമേ ഫോൺ കൊടുക്കൂ. പുരുഷശബ്ദമാണ് കേട്ടതെങ്കിൽ ആൾ സ്ഥലത്തില്ലെന്ന് പറയുകയോ തിരക്കിലാണെന്ന് പറയുകയോ ചിലപ്പോൾ തട്ടിക്കയറുകയോ ചെയ്യും.

ഒരിക്കൽ ഒരു കൂട്ടുകാരിയുടെ സഹോദരൻ വീട്ടിൽ വന്നിരുന്ന് ജീനയുമായി സംസാരിച്ചുകൊണ്ടിരുന്നപ്പോഴാണ് ജെയിംസ് ജോലികഴിഞ്ഞ് കയറിവന്നത്. അയാൾ മുന്നറിയിപ്പില്ലാതെ കൂട്ടുകാരി പറഞ്ഞതനുസരിച്ച് ഒരു അത്യാവശ്യത്തിന് വന്നതായിരുന്നു. തന്നോട് പറയാതെ മുൻകൂട്ടി രഹസ്യമായി അറിയിച്ച് വന്നതാണെന്ന് പറഞ്ഞ് അയാളോട് കോപിക്കുകയും അയാളെ വീട്ടിൽ നിന്ന് ഇറക്കിവിടുകയും ചെയ്തപ്പോൾ അപമാനിതയായ അവൾ വളരെ ശക്തമായി പ്രതികരിച്ചു. അതുവരെ അവൾ ഒരിക്കലും അയാളോട് എതിർത്തു സംസാരിച്ചിരുന്നില്ല. അവൾ ബന്ധം ഉപേക്ഷിക്കുമെന്ന് വരെ പറഞ്ഞ് ഭീഷണിപ്പെടുത്തി. അപ്പോൾ അയാൾ ശാന്തനായെങ്കിലും സംശയം കൂടുതൽ തലങ്ങളിലേയ്ക്കു വ്യാപിച്ചുകൊണ്ടിരുന്നു. അവളുടെ വീട്ടുകാർ വിളിക്കുമ്പോൾ വിവാഹമോചനത്തിന് ശ്രമിക്കാനാണെന്ന് പറഞ്ഞ് അവരെ ചീത്തവിളിക്കും. ഈയിടെയായി കൂട്ടുകാർ പറയുന്നതെന്തും സംശയത്തോടെയാണ് വീക്ഷിക്കുന്നത്. തന്റെ കുടുംബജീവിതത്തെയും തന്നെയും പറ്റിയാണ് സംസാരിക്കുന്നതെന്ന് സംശയിച്ച് അവരോട് മോശമായി സംസാരിക്കും. തന്റെ ഓഫീസിലുള്ള പുരുഷൻമാർ ജീനയെ രഹസ്യമായി വിളിക്കുന്നുണ്ടെന്ന് മനസിലാക്കി അവരൊക്കെ അവളുമായി അവിഹിതബന്ധത്തിലാണെന്ന് പറഞ്ഞ് ഓഫീസിൽ ബഹളമുണ്ടാക്കുകകൂടി ചെയ്തപ്പോൾ എന്തോ കുഴപ്പമുണ്ടെന്ന് സഹപ്രവർത്തകർക്കും തോന്നിത്തുടങ്ങി. ഇതിനിടെ ഭാര്യ ജോലിചെയ്യുന്ന ഹോസ്പിറ്റലിൽ രഹസ്യമായിച്ചെന്ന് അവളെ നിരീക്ഷിക്കാൻ തുടങ്ങിയതും അവൾ അറിയാൻ ഇടയായി. ജീനയുടെ സഹോദരൻ ഇക്കാര്യങ്ങൾ അറിഞ്ഞപ്പോൾ ജെയിംസിനെ ഫോണിൽ വിളിച്ച് വഴക്ക് പറഞ്ഞു. മേലിൽ ഇതാവർത്തിച്ചാൽ പ്രശ്നം ഗൗരവമായി എടുക്കുമെന്നും പറഞ്ഞു. അതോടുകൂടി ജീനയുടെ വീട്ടുകാരോടെല്ലാം കടുത്ത വൈരാഗ്യത്തിലായി. വീട്ടിലോട്ടു വിളിക്കുകയോ അവരുടെയടുത്ത് പോകുകയോ ചെയ്യരുതെന്ന് വിലക്കി. അവൾ രഹസ്യമായി വിളിക്കുന്നതറിഞ്ഞപ്പോൾ അവളെ ശാരീരികമായി ഉപദ്രവിക്കാൻ തുടങ്ങി. അവൾ ലീവെടുത്ത് നാട്ടിൽവന്ന് വിവാഹമോചനത്തെപ്പറ്റി ആലോചിക്കാൻ തുടങ്ങിയപ്പോഴാണ് ആരോ കൗൺസിലിംഗിന്റെ കാര്യം അവരെ ഓർമ്മിപ്പിച്ചത്.

കാര്യങ്ങൾ വിശദമായി പഠിച്ചപ്പോൾ അയാൾക്ക് പാരനോയ്ഡ് (PARANOID) പേഴ്സനാലിറ്റി ഡിസോർഡർ എന്ന വ്യക്തിത്വവൈകല്യം ഉണ്ടെന്ന് മനസിലായി. പത്തിരുപത് വയസുമുതൽ ഈ പെരുമാറ്റരീതി അയാൾ പ്രകടിപ്പിച്ചിരുന്നതായി അയാളുടെ അമ്മയും സഹോദരങ്ങളും സമ്മതിച്ചു. സഹപ്രവർത്തകരും കൂട്ടുകാരും ഇത്തരത്തിൽ ഒരു പ്രത്യേകത അയാൾക്കുണ്ടായിരുന്നതായി സ്ഥിരീകരിച്ചു. ഇത് ഒരു വ്യക്തിത്വവൈകല്യമാണെന്ന് പറഞ്ഞാൽ അയാൾ സമ്മതിക്കില്ല എന്നതാണ് യാഥാർത്ഥ്യം. കാരണം ഇത്തരം വൈകല്യങ്ങൾ വ്യക്തിത്വത്തിൽ അലിഞ്ഞുചേർന്നതും ആയതിനാൽ അതാണ് ശരിയെന്നുള്ള ഉത്തമബോധ്യം അയാൾക്കുണ്ടായിരിക്കും. അതിനെ ചോദ്യംചെയ്താൽ അയാൾ ഒരിക്കലും അത് അംഗീകരിക്കുകയില്ല എന്നതിനാൽ പെരുമാറ്റം മാറുക ശ്രമകരമായ ജോലിയാണ്. പൊരുത്തക്കേടുകൾ ശ്രദ്ധയോടെ ബോദ്ധ്യത്തിലാക്കി മാറ്റങ്ങൾ സാവധാനം വരുത്തിക്കൊണ്ടിരിക്കുന്നതിനാൽ ഇപ്പോൾ ജീനയുടെ വീട്ടുകാരും തല്ക്കാലം വിവാഹമോചനമെന്ന ചിന്തയിൽ നിന്നും അല്പം പിൻവലിഞ്ഞുകൊണ്ടിരിക്കുകയാണ്.

# രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ

65

# സഭൈക്യം

**11. ക്രിസ്തുവും അപ്പസ്തോലന്മാരും പ്രവർത്തിച്ചിരുന്ന വിധം**-അരൂപിയിലും സത്യത്തിലും തനിക്കു ശുശ്രൂഷ ചെയ്യാൻ വേണ്ടിയാണ് ദൈവം മനുഷ്യരെ വിളിക്കുന്നത്. അതുകൊണ്ട് മനസാക്ഷിയിൽ അവർക്ക് ഇതിനു കടമയുണ്ട്. എന്നാൽ അവർ ഒട്ടുംതന്നെ നിർബന്ധിക്കപ്പെടുന്നില്ലതാനും. താൻതന്നെ മെനഞ്ഞെടുത്ത മനുഷ്യന്റെ വ്യക്തിമാഹാത്മ്യത്തെ ദൈവം മാനിക്കുന്നു. ഈ വ്യക്തിപ്രാഭവത്തെ നയിക്കേണ്ടത് അവന്റെതന്നെ തീരുമാനങ്ങളാണ്. അവൻ സ്വാതന്ത്ര്യമനുഭവിക്കുകയും വേണം. ഈ വസ്തുത പരമാവധി പ്രത്യക്ഷപ്പെടുന്നത് യേശുക്രിസ്തുവിലാണ്. അങ്ങിലാണ് ദൈവം തന്നെത്തന്നെയും തന്റെ മാർഗ്ഗങ്ങളേയും പരിപൂർണ്ണമായി വെളിപ്പെടുത്തിയത്. ക്രിസ്തുവാണ് നമ്മുടെ അധ്യാപകനും അധിനാഥനും. വിനീതനും ശാന്തഹൃദയനുമായ അവിടുന്ന് തന്റെ അനുഗാമികളെ ക്ഷമയോടുകൂടിയാണ് തന്നിലേയ്ക്കാകർഷിക്കുകയും ക്ഷണിക്കുകയും ചെയ്തത്. അത്ഭുതങ്ങൾ പ്രവർത്തിച്ചുകൊണ്ടുതന്നെ അവിടുന്നു താൻ പഠിപ്പിച്ചതിനെ ബലപ്പെടുത്തുകയും സ്ഥിരീകരിക്കുകയും ചെയ്തു. ശ്രോതാക്കളുടെ വിശ്വാസത്തെ തട്ടിയുണർത്താനും ദൃഢതരമാക്കാനുംവേണ്ടിയാണ് അവിടുന്നിതു ചെയ്തത്; അവരിൽ സമ്മർദ്ദം ചെലുത്താനല്ലായിരുന്നു. തന്റെ ശ്രോതാക്കളിൽ ചിലരുടെ വിശ്വാസരാഹിത്യത്തെ അവിടുന്ന് ശാസിക്കുകയുണ്ടായി; എന്നാൽ പ്രതികാരം ദൈവത്തിനായി, വിധിദിവസത്തിലേയ്ക്കു മാറ്റിവെയ്ക്കുകയാണു ചെയ്തത്. അപ്പസ്തോന്മാരെ ലോകത്തിലേയ്ക്കയച്ചുകൊണ്ട് അവിടുന്നവരോടു പറഞ്ഞു:“വിശ്വസിച്ചു ജ്ഞാനസ്നാനം സ്വീകരിക്കുന്നവർ രക്ഷപ്രാപിക്കും. അവിശ്വസിക്കുന്നവനോ വിധിക്കപ്പെടുകയും ചെയ്യും” (മർക്കോ.16:16). ഗോതമ്പിന്റെ ഇടയിൽ കളകൾ വിതയ്ക്കപ്പെട്ടുവെന്നു കണ്ട അവിടുന്നു കല്പിച്ചു, ലോകാവസാനത്തിലുള്ള കൊയ്ത്തുവരെ രണ്ടും ഒരുമിച്ചുവളർന്നുകൊള്ളട്ടെയെന്ന്. ശക്തികൊണ്ടുഭരിക്കുന്ന ഒരു രാഷ്ട്രീയ രക്ഷകനാകാൻ അവിടുന്നാഗ്രഹിച്ചില്ല. മനുഷ്യപുത്രനെന്ന നാമമാണ് അവിടുന്ന് കൂടുതൽ ഇഷ്ടപ്പെട്ടത്. മനുഷ്യപുത്രൻ വന്നതു സേവിക്കാനും അനേകരുടെ വീണ്ടെടുപ്പിനുവേണ്ടി സ്വജീവൻ അർപ്പിക്കാനുമാണ് (മർക്കോ.10:45). പരിപൂർണ്ണനായ ദൈവദാസനായി അവിടുന്ന് സ്വയം പ്രത്യക്ഷനായി. ഒരു ചതഞ്ഞ ഞാങ്ങണ അവിടുന്നൊടിക്കുകയില്ല; പുകയുന്ന തിരി അവിടുന്ന് കെടുത്തുകയില്ല (മത്താ.12:20). സീസറിനു കപ്പം കൊടുക്കണമെന്നു കല്പിച്ചപ്പോൾ ഭൗതികാധികാരത്തെയും അതിന്റെ അവകാശങ്ങളെയും അംഗീകരിക്കുകയാണ് അവിടുന്ന് ചെയ്തത്. പക്ഷെ, തെളിവായ താക്കീത് അവിടുന്ന് നൽകി, ഉന്നതമായ ദൈവികാവകാശങ്ങൾ അഭംഗുരം പാലിക്കണമെന്ന്: ‘അതുകൊണ്ട് സീസറിനുള്ളതു സീസറിനു നൽകുക. ദൈവത്തിന്റേതു ദൈവത്തിനും’ (മത്താ.22:21). അവസാനം അവിടുന്ന് നമ്മുടെ രക്ഷണീയകർമ്മം കുരിശിൽ പൂർത്തിയാക്കി. അതുവഴിയാണ് മനുഷ്യർക്ക് രക്ഷയും നേരായ സ്വാതന്ത്ര്യവും അവിടുന്ന് സമ്പാദിച്ചുതന്നത്; അതൊടൊപ്പം തന്നെ ആത്മാവിഷ്കരണവും അവിടുന്ന് ഉപരിസമാപ്തിയിലെത്തിച്ചു. അവിടുന്ന് സത്യത്തിനു സാക്ഷ്യംവഹിച്ചു. എന്നാൽ അതിനെ എതിർത്തവരുടെമേൽ അത് അടിച്ചേൽപ്പിക്കാൻ അവിടന്നു വിസമ്മതിച്ചു. അടിച്ചേൽപ്പിച്ചുകൊണ്ടല്ല, മറിച്ച് സത്യത്തിനു സാക്ഷ്യം വഹിച്ചുകൊണ്ടും സത്യത്തിനു ചെവികൊടുത്തുകൊണ്ടുമാണ് അവിടുന്ന് തന്റെ ഭരണം സ്ഥാപിക്കുന്നത്. അവിടുത്തെ ഭരണം വിസ്തൃതമാക്കുന്നത് സ്നേഹംമൂലമാണ്. ആ സ്നേഹമാണ് ക്രിസ്തുവിനെ ക്രൂശിലുയർത്തിയത്. അതുവഴിയാണ് സകല മനുഷ്യരേയും തന്നിലേയ്ക്ക് അവിടുന്നാകർഷിക്കുന്നത്.

വചനവും മാതൃകയും വഴി ക്രിസ്തു അപ്പസ്തോലന്മാരെ പഠിപ്പിച്ചു. അവരും ക്രിസ്തുവിന്റെ അതേമാർഗ്ഗം തന്നെ പിന്തുടർന്നു. സഭയുടെ ആരംഭം മുതൽ തന്നെ ക്രിസ്തുവിന്റെ ശിഷ്യന്മാർ ജനങ്ങളെ ക്രിസ്തുനാഥനിൽ വിശ്വസിക്കുന്നവരാക്കിപ്പകർത്താൻ യത്നിക്കുകയായിരുന്നു. സമ്മർദ്ദം ചെലുത്തിക്കൊണ്ടല്ല, സുവിശേഷത്തിനു നിരക്കാത്ത കൃത്രിമമാർഗ്ഗം ഉപയോഗിച്ചുമല്ല. മറിച്ചു സർവ്വപ്രധാനമായി ദൈവവചനത്തിന്റെ ശക്തി ഉപയോഗപ്പെടുത്തിക്കൊണ്ടാണ് അവർ പ്രയത്നിച്ചത്. നമ്മുടെ രക്ഷകനായ ദൈവത്തിന്റെ കർമ്മപരിപാടി സകല മനുഷ്യരോടും അവർ ശക്തിയുക്തം ഉദ്ബോധിപ്പിക്കുകയായിരുന്നു. ‘സകല മനുഷ്യരും രക്ഷപ്രാപിക്കണമെന്നും സകലർക്കും സത്യബോധം കൈവരണമെന്നുമാണ് ദൈവത്തിന്റെ അഭീഷ്ടം’ ( 1 തിമോ.2:4). അതേസമയം സാധുക്കൾ അബദ്ധമാർഗ്ഗങ്ങളിൽ വ്യാപരിച്ചിരുന്നെങ്കിലും അവരോട് ആദരവ് പ്രകടിപ്പിച്ചിരുന്നു. അങ്ങനെ ‘നാമോരോരുത്തരും നമ്മെപ്പറ്റിത്തന്നെ ദൈവത്തിനു കണക്കുകൊടുക്കേണ്ടതുണ്ടെന്നും’ (റോമ 14:12) അതുകൊണ്ട് ഓരോരുത്തരും സ്വന്തം മനസാക്ഷിയെ അനുസരിക്കാൻ ബാധ്യസ്ഥനാണെന്നും അവർ ലോകത്തിനു വ്യക്തമാക്കിക്കൊടുത്തു. ക്രിസ്തുവിനേപ്പോലെ തന്നെ അപ്പസ്തോലന്മാരും ദൈവിക സത്യത്തിനു സാക്ഷ്യം നിൽക്കാൻ എപ്പോഴും സന്നദ്ധരായിരുന്നു.



(തുടരും)

LAITY VOICE




കഴിഞ്ഞ ലക്കം തുടർച്ച...

## അദ്ധ്യായം ഒന്ന്

## പ്രാർത്ഥനയുടെ വെളിപാട്

**എന്താണ് പ്രാർത്ഥന?**

ദൈവത്തിലേയ്ക്കുള്ള ആത്മാവിന്റെ ഉയർത്തലോ ദൈവത്തോട് അവിടുത്തെ ഇഷ്ടത്തിന് ചേർന്ന വിധത്തിൽ അനുഗ്രഹങ്ങൾ ചോദിക്കലോ ആണ് പ്രാർത്ഥന. അതെപ്പോഴും മനുഷ്യനെ കണ്ടുമുട്ടുവാൻ വരുന്ന ദൈവത്തിന്റെ ദാനമാണ്. അനന്തനന്മസ്വരൂപനായ പിതാവുമായും അവിടുത്തെ പുത്രനായ യേശുക്രിസ്തുവുമായും തങ്ങളുടെ ഹൃദയത്തിൽ വസിക്കുന്ന പരിശുദ്ധാത്മാവുമായും ഉള്ള ദൈവമക്കളുടെ വ്യക്തിപരവും സജീവവുമായ ബന്ധമാണ് ക്രൈസ്തവ പ്രാർത്ഥന.

**എന്തുകൊണ്ടാണ് പ്രാർത്ഥനയ്ക്ക് ഒരു സാർവ്വത്രിക വിളിയുള്ളത്?**

എന്തുകൊണ്ടെന്നാൽ സൃഷ്ടിയിലൂടെ ദൈവം ആദ്യം എല്ലാറ്റിനെയും ഇല്ലായ്മയിൽ നിന്ന് വിളിക്കുന്നു; വീഴ്ചയ്ക്കുശേഷവും മനുഷ്യൻ തന്നെ അസ്തിത്വത്തിലേയ്ക്കു വിളിച്ചവനെ സംബന്ധിച്ച അന്വേഷണം തുടർന്നും നിലനിർത്തിക്കൊണ്ട് തന്റെ സ്രഷ്ടാവിനെ കണ്ടെത്താൻ കഴിവുള്ളവനായി നിലനിൽക്കുന്നു. എല്ലാ മതങ്ങളും, സവിശേഷമായി രക്ഷയുടെ ചരിത്രം മുഴുവനും, ദൈവത്തിനായുള്ള മനുഷ്യന്റെ ഈ ആഗ്രഹത്തിന്റെ സാക്ഷ്യപ്പെടുത്തലാണ്. എന്നാൽ ദൈവമാണ് ആദ്യം പ്രാർത്ഥനയുടെ രഹസ്യാത്മകമായ കണ്ടുമുട്ടലിലേയ്ക്ക് ഓരോ വ്യക്തിയെയും അനുസ്യൂതം ആകർഷിക്കുന്നത്.

## പഴയനിയമത്തിലെ പ്രാർത്ഥനയുടെ വെളിപാട്

**അബ്രാഹം പ്രാർത്ഥനയുടെ ഒരു മാതൃകയായിരിക്കുന്നത് എങ്ങനെയാണ്?**

അബ്രാഹം പ്രാർത്ഥനയുടെ ഒരു മാതൃകയാണ്; എന്തെന്നാൽ അവൻ ദൈവത്തിന്റെ സന്നിധിയിൽ നടക്കുകയും അവിടുത്തെ കേൾക്കുകയും അവിടുത്തെ അനുസരിക്കുകയും ചെയ്തു. വിശ്വാസത്തിന്റെ ഒരു പോരാട്ടമാണ് അവന്റെ പ്രാർത്ഥന. കാരണം, പരീക്ഷകളുടെ നിമിഷത്തിലും ദൈവത്തിന്റെ വിശ്വസ്തതയിൽ അവൻ അചഞ്ചലമായി വിശ്വസിച്ചു. അബ്രാഹത്തിന് സ്വന്തം കൂടാരത്തിൽ കർത്താവിന്റെ സന്ദർശനം ഉണ്ടായി. അവിടെ ദൈവം തന്റെ പദ്ധതി അവനു വെളിപ്പെടുത്തി. കൂടാതെ, അബ്രാഹം ധീരമായ വിശ്വാസത്തോടെ പാപികൾക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കാൻ തയ്യാറാവുകയും ചെയ്തു.

**മോശ എങ്ങനെയാണ് പ്രാർത്ഥിച്ചത്?**

മോശയുടെ പ്രാർത്ഥന നിദിധ്യാസന പ്രാർത്ഥനയുടെ ഉത്തമരൂപമാണ്. കത്തിജ്വലിക്കുന്ന മുൾപ്പടർപ്പിൽ നിന്ന് ദൈവം മോശയെ വിളിച്ചു. "സ്നേഹിതനോടെന്നപോലെ കർത്താവ് മോശയോട് മുഖാഭിമുഖം" കൂടെക്കൂടെ ദീർഘനേരം സംസാരിച്ചിരുന്നു (പുറ.3:11). ദൈവത്തോടുള്ള ഈ അടുപ്പംവഴിയാണ് മോശ ദൈവജനത്തിനുവേണ്ടി പിടിവിടാതെ മാദ്ധ്യസ്ഥ്യം വഹിക്കാനുള്ള ശക്തിയാർജിക്കുന്നത്: അവന്റെ പ്രാർത്ഥന, അങ്ങനെ, യേശുക്രിസ്തുവാകുന്ന ഏകമദ്ധ്യസ്ഥന്റെ മദ്ധ്യസ്ഥപ്രാർത്ഥനയെ മുന്നവതരിപ്പിക്കുന്നു.

"സ്നേഹിതനോടെന്നപോലെ കർത്താവ് മോശയോട് മുഖാഭിമുഖം" കൂടെക്കൂടെ ദീർഘനേരം സംസാരിച്ചിരുന്നു (പുറ.3:11). ദൈവത്തോടുള്ള ഈ അടുപ്പം വഴിയാണ് മോശ ദൈവജനത്തിനുവേണ്ടി പിടിവിടാതെ മാദ്ധ്യസ്ഥ്യം വഹിക്കാനുള്ള ശക്തിയാർജിക്കുന്നത്

**പഴയനിയമത്തിൽ പ്രാർത്ഥനയുമായി ദൈവാലയത്തിനും രാജാവിനും എന്തു ബന്ധമാണുള്ളത്?**

ദൈവത്തിന്റെ വാസസ്ഥലത്തിന്റെ നിഴലിൽ–വാഗ്ദത്തപേടകം, പിന്നീട് ദൈവാലയം–ദൈവജനത്തിന്റെ ഇടയന്മാരുടെ നിയന്ത്രണത്തിൽ അവരുടെ പ്രാർത്ഥന വികസിക്കുന്നു. അവരിൽ ദാവീദ് "ദൈവത്തിന്റെ ഹൃദയത്തിന് ചേർന്ന" രാജാവാണ്; അദ്ദേഹം തന്റെ ജനത്തിനുവേണ്ടി പ്രാർത്ഥിക്കുന്ന ഇടയനാണ്. അവന്റെ പ്രാർത്ഥന ദൈവജനത്തിന്റെ പ്രാർത്ഥനയ്ക്കൊരു മാതൃകയുമാണ്. കാരണം, അത് ദൈവിക വാഗ്ദാനങ്ങളോടുള്ള ഉൾച്ചേരലും ഏകകർത്താവും രാജാവുമായിരിക്കുന്നവനോടുള്ള വിശ്വാസാശ്രയത്വവും സമ്പൂർണ്ണ സ്നേഹവും ഉൾക്കൊള്ളുന്നതാണ്.

*പിഒസി പ്രസിദ്ധീകരിച്ച കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥത്തിൽ നിന്ന്

Published by Indian Christian Community National Council. Edited by Chev.V C Sebastian Valliamthadathil, Santhigri Residency, Palampra Kanjirapally, Kottayam Dist., India. Ph: 04828 234056, Mob: 9447355512, E-mail: chevaliersebastian@gmail.com. *Private Circulation only